നം.കെഎസ്എ.കെടിഎം.പി.12/29/2020 തീയതി 29.02.2020

# കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ **കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 20-12-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 07/01/2020 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | **ശ്രീ.സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-12-2019 മുതൽ 08-01-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബീനാകുമാരി സി.ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം. | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷിബു എ.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജഗോപാൽ ആർ. | 1.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീമതി സുപ്രഭ എസ്. | 1.04.2018- 21.04.2018 |
| | ശ്രീ.സലിമോൻ കെ.ബി.അസി.സെക്രട്ടറി I/C | 22.4.2018-10.05.2018 |
| | ശ്രീമതി സുപ്രഭ എസ്. | 11.05.2018-15.12.2018 |
| | ബിന്ദുമോൻ വി. ആർ. സെക്രട്ടറി I/C | 16.12.2018-15.01.2019 |
| | ശ്രീമതി സുപ്രഭ എസ്. | 16.01.2019-13.02.2019 |
| | ബിന്ദുമോൻ വി. ആർ. സെക്രട്ടറി I/C | 14.02.2019-31.03.2019 |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.പ്രസന്നകുമാർ ആർ | 01-04-2018-31-03-2019 |
| വെറ്ററിനറി സർജൻ | ഡോ.ജിജേഷ് കുമാർ | 1.04.2018-31.03.2019 |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.ഉണ്ണികൃഷ്ണൻ (കുറിച്ചി സർക്കിൾ) | 01.04.2018-31.3.2019 |
| | ശ്രീ.രതീഷ് .പി.ആർ | 01.04.2018-21.11.2018 |
| | ശ്രീ.ഉണ്ണികൃഷ്ണൻ I/C (മലകുന്നം സർക്കിൾ) | 22.11.18-28.11.2018 |
| | ശ്രീ ഗിരീഷ് വി. | 29.11.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.രശ്മി ജി. | 01.04.2018-30.06.2018 |
| | ഡോ.നീത ആലീസ് പോൾ | 01.07.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ശ്രീജിത്ത് | 01.04.2018-31.03.2019 |
| ഐ.സി.ഡി എസ് സൂപ്പർ വൈസർ | ശ്രീമതി. അനിഷ ആർ. | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. ദീപ.ഡി.റ്റി | 01.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജയലക്ഷ്മി | 01.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബീനാഭായ് | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സലിമോൻ കെ.ബി. | 01.04.2018-30.08.2018 |
| | ശ്രീമതി മഞ്ജുള ആർ. (ചാർജ്) | 31.08.2018-19.10.2018 |
| | ബിന്ദുമോൻ വി.ആർ. | 20.10.2018-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് ബാലൻസ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം |
| 1-7-1 | വാർഷിക കണക്കുകളുടെ അവലോകനം |

| | |
|---|---|
| 1-7-2 | ബാധ്യത കണക്കിൽ സൂക്ഷിച്ചിട്ടുള്ളതും സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതുമായ തുകയുടെ വിവരം |
| 1-8 | പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 97 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന് നഷ്ടമായി |
| 1-9-1 | വസ്തുനികുതി ഒഴിവാക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 1-9-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് |
| 1-9-3 | പ്രത്യേകഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി വിജ്ഞാപനം ചെയ്ത് പ്രാബല്യത്തിലാക്കിയിട്ടില്ല |
| 1-9-4 | കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന മേഖല തെറ്റായി രേഖപ്പെടുത്തി അനർഹമായ ഇളവ് നൽകി |
| 1-9-5 | വിമുക്തഭടന്മാരുടെ വസ്തുനികുതി - അപേക്ഷ ലഭിച്ചിട്ടും സഞ്ചയയിൽ ഒഴിവാക്കിയിട്ടില്ല |
| 1-10-1 | തൊഴിൽ നികുതി |
| 1-10-2 | ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ നിന്നും വരുമാനാടിസ്ഥാനത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല |
| 1-11 | കെട്ടിടനിർമ്മാണ പെർമിറ്റ് |
| 1-12 | വാടക – ഫയലുകളും രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച |
| 1-13 | വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല |
| 1-14-1 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ നൽകിയത് - സ്റ്റേഷനറി പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 1-14-2 | ജീവനക്കാരുടെ സേവനപുസ്തകസൂക്ഷിപ്പിൽ അപാകത |
| 1-15 | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടില്ല |
| 1-16 | ബാലസഭ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല |
| 1-17 | സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികമായി സ്കോളർഷിപ്പ് വിതരണം ചെയ്തു |

| | |
|---|---|
| | |
| 1-18 | വീട് വാസയോഗ്യമാക്കൽ (ജനറൽ) - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 1-19 | നെൽവിത്ത് വിതരണം - മാർഗ്ഗരേഖ പാലിച്ചില്ല |
| 1-20 | പെട്ടി പറ വാങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല – പഞ്ചായത്തിന് അധികച്ചെലവ് |
| 1-21 | അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം |
| 1-22 | വൃദ്ധർക്കും വൃക്ക,ഹൃദയ,ക്യാൻസർ രോഗികൾക്കും മരുന്ന വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 1-23 | ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല – 1,99,999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-24 | 'അഗതിരഹിത കേരളം" പദ്ധതി പ്രവർത്തനം ചലഞ്ച് ഫണ്ട് വിഹിതം ലഭിക്കാത്തതിനാൽ മന്ദഗതിയിൽ |
| 1-25 | എണ്ണക്കാച്ചിറ-ആട്ടച്ചിറ കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം - ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തി നിർവ്വഹിച്ചു - അനാവശ്യ ചെലവ് |
| 1-26 | കല്ലുങ്കൽ - എള്ളാല റോഡിന് ഓട നിർമ്മാണം - നിർവ്വഹണം നിയമാനുസൃതമല്ല |
| 1-27 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ അനവാശ്യ ഇനങ്ങൾ ഉൾപ്പെടുത്തുന്നതുമൂലം അധികച്ചെലവ് |
| 1-28 | പ്രോജക്ട് നിർവ്വഹണത്തിൽ കരാർ ലംഘനവും നിയമാനുസൃതമല്ലാത്ത പണം പിൻവലിക്കലും |
| 1-29 | ചകിരിക്കമ്പിനി - ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം - അപാകതകൾ |
| 1-30 | ലൈഫ് ഭവന പദ്ധതി - അവലോകനം |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | |
|---|---|
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടില്ല |
| 3-2 | സബ്സിഡി പരിധി അധികരിച്ച് സ്കോളർഷിപ്പ് വിതരണത്തിന് തുക ചെലവഴിച്ചു |
| 3-3 | ചകിരിക്കമ്പിനി - ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം - അപാകതകൾ |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |

| | |
|---|---|
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19വർഷത്തെ പുതുക്കിയ ബജറ്റ് 6/3/2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് (ഒറിജിനൽ) | പുതുക്കിയ ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 28505121.38 | 38311671.08 | 9430572.53 |
| വരവ് | 236145000.00 | 235678139 | 116140101.00 |
| ആകെ | 264650121.38 | 273989810.08 | 125570673.53 |
| ചെലവ് | 255704500.00 | 236904500 | 79100748.00 |
| നീക്കിയിരിപ്പ് | 8945621.38 | 37085310.08 | 46469925.53 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19584926 | 19584926 | 18837499 | 747427 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11778000 | 11778000 | 9191027 | 2586973 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 566000 | 566000 | 257000 | 309000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7961000 | 7961000 | 5007126 | 2953874 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4056000 | 4056000 | 3205400 | 850600 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11191193 | 11191193 | 8935009 | 2256184 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15046116 | 15046116 | 15046116 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13612 | 685550 | 699161 | 680618 | 18544 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി എസ് | | 2222696 | 1002163 | 3224859 | 550078 | 2674781 |
| എസ്.എസ് എ | | 49043 | 1734 | 50777 | 118 | 50659 |
| ശുചിത്വമിഷൻ | | 662150 | 500000 | 1162150 | 0 | 1162150 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 912654 | 3223524 | 4136178 | 3199638 | 936540 |
| | ജില്ലാ | 0 | 2554186 | 2554186 | 2242376 | 311810 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | 0 | 57588060 | 57588060 | 57588060 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 13242253 | 13242253` | 5340691 | 7901562 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് എസ്.സി.ബി കുറിച്ചി | 714748 | 16836 | 731584 | 366137 | 365447.93 |
| | കാനറബാങ്ക് | 3182216 | 11990961 | 15173177 | 8753187 | 6419990 |
| | എസ്.ബി.ഐ(ഇ-പേയ്മെന്റ്) | 22444 | 99207 | 121651 | 885 | 120766 |
| | ട്രഷറി അക്കൗണ്ട് | 3892563 | 47673955 | 51566518 | 15499040 | 36067478 |

**ക്ഷേമപദ്ധതികൾ.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|
| തൊഴിൽരഹിത വേതനം | 212760 | 148 | |
| കർഷകത്തൊഴിലാളി പെൻഷൻ | 9902400 | 390 | |
| വിധവാ പെൻഷൻ | 12604700 | 862 | |
| വാർദ്ധക്യകാലപെൻഷൻ | 29280000 | 2451 | |
| വികലാംഗപെൻഷൻ | 4721800 | | |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം. | 316400 | 10 | |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 250 | 121730626 | 153 | 64622004 | - | 97 |

<u>വാർഷിക പദ്ധതി</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 05.02.2019 ലെ

ഉത്തരവ് നം. 490/18/ DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16.02.2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 3.3.2018 – 15.03.2018 |
| വികസനസെമിനാർ | 16.03.2018 |
| ഊരുകൂട്ടം | 7.03.2018 |
| വികലാംഗ ഗ്രാമസഭ | 16.02.2018 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അവലോകനയോഗങ്ങൾ കൂടിയിട്ടുണ്ട്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 121730626/- രൂപയും ആകെ ചെലവ് 64622004/- രൂപയുമാണ്. ചെലവുശതമാനം 53 %. അംഗീകാരം ലഭിച്ച 250 പ്രോജക്ടുകളിൽ 153എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 5298300 | 4714370 | 88.9 |
| 2 | വെറ്ററിനറി സർജൻ | 11 | 10 | 3605000 | 2398588 | 66.5 |
| 3 | മെഡിക്കൽ ഓഫീസർ -CHC | 4 | 2 | 735000 | 547310 | 74.5 |
| 4 | മെഡിക്കൽ ഓഫീസർ- ആയുർവേദം | 3 | 3 | 1600000 | 1599999 | 99.9 |
| 5 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 6 | 4 | 7606907 | 4899000 | 64.4 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 8 | 7798362 | 6779127 | 86.9 |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 25 | 10 | 9747148 | 1994607 | 20.4 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 7 | 3 | 1715600 | 994066 | 57.9 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 146 | 85 | 37483320 | 18962674 | 50.6 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 400000 | 57.1 |
| 11 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 9 | 6 | 38996989 | 17227423 | 44.1 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 19 | 13 | 6444000 | 4104840 | 63.7 |
| ആകെ | | 250 | 153 | 121730626 | 64622004 | 53.08 |

വിവിധ ഇനങ്ങളിലായി ലഭിച്ച സർക്കാർ ധനസഹായത്തിൽ 97 ലക്ഷം രൂപ തൻവർഷം വിനിയോഗിക്കുവാൻ കഴിയാതിരുന്നത് മൂലം ലാപ്സായി (ഖണ്ഡിക 1-8 കാണുക). സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകളിൽ പകുതി പോലും തൻവർഷം നടപ്പാക്കിയില്ല. ജീവനക്കാരുടെ അടിക്കടിയുള്ള സ്ഥലംമാറ്റം മൂലം ഭൂരിഭാഗം ജീവനക്കാരും ആറ് മാസം പോലും സ്ഥിരമായി പഞ്ചായത്തിൽ തുടരാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ, ഗ്രാമസഭയിൽ തയ്യാറാക്കപ്പെടുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്ന ചില ഗുണഭോക്താക്കൾ പ്രോജക്ട് നിർവ്വഹണസമയത്ത് ഗുണഭോക്തൃവിഹിതം ഉൾപ്പെട്ട്ന പ്രോജക്ടുകളിൽ തുക ഒടുക്കാത്തതിനാലും അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാത്തതിനാലും പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രതികൂല സാഹചര്യങ്ങൾ മുന്നിൽ കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിയമങ്ങളും ചട്ടങ്ങളും പാലിച്ച് കൃത്യനിർവ്വഹണം നടത്തുന്നതിന് ജീവനക്കാർക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമല്ല. ഓഫീസ് ഉത്തരവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വിവിധ സെക്ഷനുകളുടെ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ നികുതി/നികുതിയേതര ഇനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുയിട്ടില്ല. ജീവനക്കാരുടെ തുടർച്ചയായ സ്ഥലംമാറ്റം ഓഫീസ് പ്രവർത്തനത്തെയും പദ്ധതി പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ പഞ്ചായത്ത് പൊതുവെ പിന്നാക്കം നിൽക്കുന്നതിന്റെ പ്രധാന കാരണം ജീവനക്കാരുടെ തുടർച്ചയായ സ്ഥലംമാറ്റമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കാര്യക്ഷമമല്ലാത്ത ഒരു ഓഫീസ് സംവിധാനം ആണ് ഓഡിറ്റ് വർഷം നിലനിന്നിരുന്നതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തതയും ഓഫീസ് പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. ജോലിവിഭജനം സന്തുലിതമല്ല. ഓഫീസ് സംവിധാനം കാര്യക്ഷമമാക്കിയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിച്ചും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/12/2019 ൽ 2.20 ന് കാഷ്യറുടെ സന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 80147/-രൂപയുടെ കാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

### 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-12-2019 | 11/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-07-2016-10-08-2016 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ എച്ച്.ക്യൂII/8A-2489/195 തീ 06-10-2016 |

### 1-7-1 വാർഷിക കണക്കുകളുടെ അവലോകനം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തിയിരുന്നു. വിവിധ ഇടപാടുകളുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ച് ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. വാർഷിക കണക്കുകളിലെ വസ്തുനികുതിയുടെ വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ ചെക്കുകളിൽ നിശ്ചിത കാലാവധിക്കുള്ളിൽ എൻക്യാഷ് ചെയ്യാത്ത 3 ചെക്കുകളുടെ മൂല്യം Liability in Respect of Stale Cheques ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.
5. സംയുക്ത പ്രോജക്റ്റിന് ലഭിച്ച ഫണ്ടുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന 320700104, 320700204, 320700304, 320700404, 320700405 ശീർഷകങ്ങളിലെ മുന്നിരിപ്പ് തുകകൾ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നും പ്രോജക്ട് വർഷവും ഉൾപ്പടെയുള്ള വിശദാംശം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
6. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 31.03.2019 ലെ നീക്കിയിരിപ്പ് 528,856/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ പിരിച്ചതാണെന്നുള്ള വിശദാംശം ലഭ്യമല്ല.
7. പഞ്ചായത്തിൽ ലഭിച്ച ഡെപ്പോസിറ്റ് തുകകളിൽ 2018-19 വർഷത്തെ മുന്നിരിപ്പിന്റെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. ഏതെല്ലാം വ്യക്തികളാണ് മുൻവർഷങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തതെന്ന് വ്യക്തമല്ല. നിക്ഷേപം സംബന്ധിച്ച വിശദാംശം ഇല്ലാത്തതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
8. സർക്കാർ/മറ്റ് ഏജൻസി ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള സർക്കാർ/മറ്റ് ഏജൻസി ബാധ്യതകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

9. ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മുൻകൂറായി ലഭിച്ച നികുതി നികുതിയേതര വരുമാനങ്ങളുടെ കൃത്യത വ്യക്തമല്ല.
10. പഞ്ചായത്തിന്റെ 31.03.2019 ലെ സ്ഥിരനിക്ഷേപങ്ങളുടെ ആകെ മൂല്യം ബി-12 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. സ്ഥിരനിക്ഷേപങ്ങളുടെ 2018-19 ൽ ലഭിച്ച പലിശ നിക്ഷേപമാക്കി മാറ്റിയത് സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം അടങ്ങിയ രജിസ്റ്റർ നീക്കിയിരുപ്പ് രേഖപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല.
11. വാടക, ഡി & ഒ ലൈസൻസ് ഫീസ്, ട്രെയ്ഡർ-സ്ഥാപന തൊഴിൽ നികുതി എന്നീ അക്രൂവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി. എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ടി വരവുകളുടെ കണക്കിന്റെ കൃത്യത വ്യക്തമല്ല.
12. പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി (സാംഖ്യ കണക്ക് ശീർഷകം-110200102) 23,650/- രൂപയുടെ വരവ് റസീറ്റ് & പേമെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. പ്രസ്തുത തൊഴിൽ നികുതി തുക ശമ്പള റിക്കവറിയായി ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തതിനാലാണ് അപ്രകാരം അപാകത സംഭവിച്ചത്. ജീവനക്കാരുടെ തൊഴിൽ നികുതി റിസീറ്റ് വൗച്ചർ മുഖേന അക്കൗണ്ട് ചെയ്യുകയും കൈപ്പറ്റ് രസീത് നൽകേണ്ടതുമായിരുന്നു.
13. വികസന ഫണ്ട് (ടി.എസ്.പി.) RP-7 ഷെഡ്യൂൾ പ്രകാരമുള്ള തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.
14. കുടിവെള്ള പദ്ധതിക്കായി ലഭിച്ച ഗ്രാന്റ് തുക 20,000/- രൂപ റവന്യൂ വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നു (കണക്ക് ശീർഷകം-160100710). ടി തുക ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
15. തൻവർഷം ഗുണഭോക്തൃ വിഹിതം, ജലനിധി എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുക ബാധ്യത ശീർഷകത്തിൽ നിന്നും നേരിട്ട് ചെലവ് വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
16. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ മുൻകൂർ ഇനങ്ങളുടെ മുന്നിരിപ്പിന്റെ വിശദാംശം ക്യാരി ഓവർ ചെയ്ത് അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. Festival Advance ഇനത്തിൽ മുന്നിരിപ്പായ 15,000/- രൂപ 31.03.2019 ലും നിലനിൽക്കുന്നു. അഡ്വാൻസ് കൈപ്പറ്റി തിരിച്ചടയ്ക്കാത്ത ഉദ്യോഗസ്ഥന്റെ പേരുവിവരവും മുൻകൂർ നൽകിയ വർഷവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
17. Prior Period ആയി ക്രമീകരിച്ച തുകകളുടെ വിവരം Notes on Account മുഖേന വിശദീകരിച്ചിട്ടില്ല.

### 1-7-2 ബാധ്യത കണക്കിൽ സൂക്ഷിച്ചിട്ടുള്ളതും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമായ തുകയുടെ വിവരം

വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്ക് പ്രത്യേകമായിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ(31.03.2019) ബാധ്യത കണക്കായി ഉൾപ്പെട്ടിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100116 | എസ്.എസ്.എ | 50659 |

| | | | |
|---|---|---|---|
| 2 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 943662 |
| 3 | 320100299 | കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച ഗ്രാന്റ് | 50,000 |
| 4 | 320300102 | ജലനിധി | 1216728 |
| 5 | 320300199 | പ്രത്യേക ആവശ്യങ്ങൾക്ക് മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്നും ലഭിച്ചത് | 1366733 |
| 6 | 320700104 | സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് വിഹിതം ലഭിച്ചത് (മൂലധനആസ്തിയ്ക്കായി) | 250,000 |
| 7 | 320200319 | ഖരമാലിന്യനിർമ്മാർജ്ജനം | 1162150 |
| 8 | 320700204 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റവന്യൂ ചെലവിന് ലഭിച്ചത് | 26,540 |
| 9 | 320700304 | മൂലധന ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 585,000 |
| 10 | 320700404 | റവന്യൂചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 75000 |
| 11 | 320700205 | സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ) | 311810 |
| 12 | 320700405 | ജില്ലാപഞ്ചായത്ത് വിഹിതം | 50,000 |
| 13 | 320800101 | ഗുണഭോക്തൃ വിഹിതം | 528856 |
| | | ആകെ | 9291919 |

മേൽ തുകകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ചെലവഴിയ്ക്കാതിരുന്നതിന് കാരണവും രേഖാമൂലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ട് അതാത് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നത് ഭരണപരമായ കാര്യക്ഷമതയുടെ അഭാവം മൂലമാണ്. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ തുകയിൽ 936540/- രൂപയും, ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 361810/-രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്ന സാഹചര്യത്തിലേയ്ക്ക് അധികൃതരുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായുള്ള പ്രസ്തുത തുകകൾ അനുവദിക്കപ്പെട്ട ആവശ്യത്തിനു വിനിയോഗിക്കുകയും വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട ഏജൻസികൾക്ക് തിരികെ നൽകുകയും ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-8 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 97 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന് നഷ്ടമായി

വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി ആസൂത്രണസമിതി അംഗീകാരം നേടിയിരുന്നു. എന്നാൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയുണ്ടായില്ല. വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത സർക്കാർഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായതുക |
|---|---|---|---|
| വികസനഫണ്ട്, ജനറൽ | 19584926 | 18837499 | 747,427 |
| എസ്.സി.പി. | 11778000 | 9191027 | 2586973 |
| ടി.എസ്.പി | 566000 | 257000 | 309000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11191193 | 8935009 | 2256184 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 7961000 | 5007126 | 2953874 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4056000 | 3205400 | 850600 |
| ആകെ | | | 9704058 |

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 97 ലക്ഷത്തിലധികം രൂപയാണ്. കൂടാതെ, നടപ്പിലാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ വൈകിയതിനാൽ 'ക്യൂ'വിലായവ 2019-20 സാമ്പത്തിക വർഷം മാറിയിട്ടുണ്ട്. ഇപ്രകാരം മാറിയ തുകകൾക്കായി 2019-20 വർഷത്തെ ഗ്രാന്റ് അലോട്ട്മെന്റുകളിൽ നിന്നാണ് ചെലവ് വന്നിട്ടുള്ളത്. ഇതുമൂലം 6316790/- രൂപ തൻവർഷം പുതുതായി ഏറ്റെടുക്കാമായിരുന്ന പദ്ധതിപ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ തുകകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിയ്ക്കാത്തതിനാൽ ഫലത്തിൽ 16020848/-രൂപ ഗ്രാമപഞ്ചായത്തിന്

ആത്യന്തികമായി നഷ്ടമായി. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കി ഇത്തരം നഷ്ടം ഭാവിയിൽ ഒഴിവാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

### 1-9-1 വസ്തുനികുതി ഒഴിവാക്കിയത് - വിശദാംശങ്ങൾ ലഭ്യമല്ല

വസ്തുനികുതി പരിശോധനയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം |
|---|---|---|---|---|---|
| 1. | 10/25 | ചാക്കോ ചാക്കോ | 12 m2 | വാണിജ്യാവശ്യം | വ്യക്തമല്ല |
| 2. | 9/44 | കെ.എം.മാത്യു | - | ,, | ,, |
| 3. | 10/71, 72, 74 | വികാരി, സെന്റ് മേരീസ് ചർച്ച് | - | ആരാധനാലയം | ആരാധനാസ്ഥലം |

ക്രമ നം.3ൽ ആരാധനയ്ക്ക് ഉപയോഗിക്കുന്ന കെട്ടിടഭാഗത്തിന് ഒഴികെ ബാക്കി ഭാഗങ്ങൾക്ക് നിയമാനുസൃതമായ വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ, ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 24/06.01.2020 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മതിയായ കാരണങ്ങളില്ലാതെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും, വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-9-2 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

തൻവർഷം വസ്തുനികുതി നിർണ്ണയിച്ച 17/410G, 17/410H എന്നിവ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതും ഒരേ കെട്ടിടത്തിന്റെ താഴത്തെ നിലയും ഒന്നാം നിലയുമാണ്. 237.95m2 വിസ്തീർണ്ണമുള്ള ടി കെട്ടിടം 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന് ചേർത്ത് സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. അതിനാൽ 100 ച.മീ. ന് മുകളിലുള്ള കെട്ടിടത്തിന് ബാധകമായ 50 രൂപ നിരക്കിന് പകരം 30 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി വ്യത്യസ്ത നമ്പറുകൾ നൽകി കണക്കാക്കിയതുമൂലം വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | ഉടമസ്ഥന്റെ | വിസ്തീർണ്ണം | ബാധകമായ | അടിസ്ഥാന | വർദ്ധനവ് | നിർണ്ണയിക്കേണ്ട | ഇളവ് | നിർണ്ണയിക്ക | നിർണ്ണയിച്ചത് | കുറവ് |
|---|---|---|---|---|---|---|---|---|---|---|

| നം. കെട്ടിട നം. | പേര് | | നിരക്ക് | വസ്തുനികുതി | 20% വഴിസൗകര്യം | വസ്തു നികുതി | 5% ഒന്നാം നില | പ്പെടേണ്ട നികുതി | | |
|---|---|---|---|---|---|---|---|---|---|---|
| 17/410G | തോമസ് മത്തായി & ഡെയ്സി തോമസ് , കാരക്കാട്ട് , കുറിച്ചി | 64.01 | 50 | 3200.5 | 640.1 | 3841 | ഇല്ല | 3841 | 2305 | 1536 |
| 17/410H | തോമസ് മത്തായി & ഡെയ്സി തോമസ് , കാരക്കാട്ട് , കുറിച്ചി | 173.94 | 50 | 8697 | 1739 | 10436 | 522 | 9914 | 5949 | 3965 |
| | ആകെ | | | | | | | | | 5501 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/06.01.2020) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയത്തിലുണ്ടായ അപാകത പരിഹരിച്ച് ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം കുറവായി നിശ്ചയിച്ച വസ്തുനികുതി 5,501/- രൂപ ഉത്തരവാദിയായ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-9-3 പ്രത്യേക ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി വിജ്ഞാപനം ചെയ്ത് പ്രാബല്യത്തിലാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടവിഭാഗങ്ങളുടെ വസ്തുനികുതി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കണ്ടു.

| ക്രമ നം. | കെട്ടിടവിഭാഗം | സർക്കാർ നിശ്ചയിച്ച വസ്തുനികുതി നിരക്കിന്റെ പരിധി |
|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 - 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 -8 |
| 3 | ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 – 160 |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങൾ നിയമാനുസൃതം നോട്ടിഫൈ ചെയ്ത് നിയമപരമായി പ്രാബല്യത്തിലാക്കിയതിന് ശേഷം സഞ്ചയയിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-9-4 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല തെറ്റായി രേഖപ്പെടുത്തി അനർഹമായ ഇളവ് നൽകി

ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്തിലെ 3,19 വാർഡുകൾ പൂർണ്ണമായും പ്രാഥമിക മേഖലയിലാണ് ഉൾപ്പെടുന്നത്. എന്നാൽ ടി വാർഡുകളിൽ തൻവർഷം നികുതി നിർണ്ണയിക്കപ്പെട്ട ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ അനർഹമായ ഇളവ് നൽകിയതായി കാണുന്നു.

| വാർഡ് നം. കെട്ടിട നം. | ഉടമയുടെ പേരും വിലാസവും | വിസ്തീർണ്ണം | ഉപയോഗക്രമം | ബാധകമായ നിരക്ക് | അടിസ്ഥാന വസ്തു നികുതി | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കപ്പെടേണ്ട വസ്തു നികുതി | അനർഹമായി നൽകിയ ഇളവ് 10% കുറവ് |
|---|---|---|---|---|---|---|---|---|
| 3/2C | റെജി ആർ. & സുഷ കെ.ദാസ്, ഗുരുകൃപ, കുറിച്ചി | 176.59 | പാർപ്പിടാവശ്യം | 5 | 882.95 | 795 | 883 | 88 |
| 3/93A | റിജിൽ കെ. ചാക്കോ, കോയിത്തറ , കുറിച്ചി | 135.4+ 84.15 | പാർപ്പിടാവശ്യം | 5 | 1098 | 988 | 1098 | 110 |
| 3/279A | വിജയൻ, നെടുംപറമ്പിൽ, കുറിച്ചി | 65.25 | പാർപ്പിടാവശ്യം | 5 | 326 | 261 | 294 | 33 |
| 19/15B | ബൈജു ജോസഫ്, പാലപ്പറമ്പിൽ, കുറിച്ചി | 127.73 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 5109 | 4088 | 4599 | 511 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 19/278A | അനിയൻ കുഞ്ഞ് & മറിയാമ്മ, കാട്ടൂർ വട്ടപറമ്പിൽ, കുറിച്ചി | 141.52 + 12.26 | പാർപ്പിടാവശ്യം | 5 | 768.9 | 693 | 770 | 77 |
| 19/466B | പ്രിയദർശിനി, കനകമംഗലത്ത് രേവതി, കുറിച്ചി | 118.21 + 65.93 | പാർപ്പിടാവശ്യം | 5 | 920.7 | 829 | 921 | 92 |
| 19/480A | ഇ.പി.ശശീന്ദ്രൻ, ഇടവന്തല, കുറിച്ചി | 56.28 | പാർപ്പിടാവശ്യം | 5 | 281.4 | 254 | 282 | 28 |
| | ആകെ | | | | | | | 939 |

ഇപ്രകാരം മേഖല തെറ്റായി ചേർത്ത് അനർഹമായി നികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/06.01.2020) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നൽകിയ ഇളവുകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, ടി കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 1-9-5 വിമുക്തഭടന്മാരുടെ വസ്തുനികുതി - അപേക്ഷ ലഭിച്ചിട്ടും സഞ്ചയയിൽ ഒഴിവാക്കിയിട്ടില്ല

വിമുക്തഭടന്മാരുടെ വസ്തുനികുതി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വിമുക്തഭടന്റെ തൻവർഷം ലഭിച്ച അപേക്ഷയിന്മേൽ നികുതി ഒഴിവാക്കാവുന്നതാണെന്ന് സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും സഞ്ചയയിൽ വസ്തുനികുതി ഒഴിവാക്കിയിട്ടില്ല.

| വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| I/395 | വത്സലൻ എം.സി. മനന്താനത്ത് | 80 ച.മീ. |

ടി കെട്ടിടത്തിന് 2016 ൽ ഒഴികെ 2013 മുതൽ 2019 വരെയുള്ള എല്ലാ വർഷങ്ങളിലും നികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. 80m2 വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് 430 രൂപയാണ് വാർഷിക നികുതി കണക്കാക്കിയിരിക്കുന്നത്. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/02.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ച് സഞ്ചയയിൽ മാറ്റങ്ങൾ വരുത്താത്തത് മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്കും അനാവശ്യ നടപടിക്രമങ്ങൾക്കും ബന്ധപ്പെട്ട സെക്ഷനും സെക്രട്ടറിയും ഉത്തരവാദി ആയിരിക്കുന്നതാണ്.

## 1-10-1 തൊഴിൽനികതി

**1. തൊഴിൽനികുതി ഈടാക്കിയിട്ടില്ല – വരവ് സ്രോതസ്സ് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല**

തൊഴിൽനികതി സംബന്ധിച്ച ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽ 2018-19 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഇളങ്കാവ് വിദ്യാമന്ദിർ , മലകുന്നം |
| 2 | കുറിച്ചി എസ്.സി.ബി. കരുനാട്ടുമല, മന്ദിരം ശാഖകൾ |
| 3 | രാജാസ് ഇന്റർനാഷണൽ സ്കൂൾ, കുറിച്ചി |
| 4 | പാലാത്ര കൺസ്ട്രക്ഷൻസ് - രണ്ട് യൂണിറ്റുകൾ |
| 5 | മാവേലി സ്റ്റോർ |
| 6 | ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാർ |
| 7 | സെസ്റ്റൺ വുഡ്സ് (ഫുഡ് പ്രോഡക്ട്സ്) |
| 8 | മരിയൻ ഇൻഡസ്ട്രീസ് |
| 9 | ഷാരോൺ പോളിമേഴ്സ് |
| 10 | ഏയ്ഞ്ചൽ റബ്ബേഴ്സ് |
| 11 | കോൺകോഡ് അസോസിയേറ്റ്സ് |
| 12 | ലീ അസോസിയേറ്റ്സ് |
| 1 | ഐറിൻ റബ്ബേഴ്സ് |
| 3 | അസറേൺ റബ്ബർടെക് |
| 14 | ഏദൻ അസോസിയേറ്റ്സ് |
| 15 | എം.ബി.എം. ഇൻഡസ്ട്രീസ് |
| 16 | മാർഷൽ റബ്ബേഴ്സ് |

| | |
|---|---|
| 17 | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് |
| 18 | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് |
| 19 | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് |
| 20 | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് |
| 21 | പ്രിയ ഇൻഡസ്ട്രീസ് |
| 22 | തോംസൺ |
| 23 | അസോസിയേറ്റ്സ് |
| 24 | സെന്റ് മേരീസ് കോളേജ് |
| 25 | കൂടത്തിങ്കൽ ഫിനാൻസ് |
| 26 | എക്കോ റബ്ബർ |
| 27 | സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോമിയോപ്പതി - രണ്ടാം അർദ്ധവർഷം |

ഈ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/31.12.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്രയധികം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാത്ത അവസ്ഥ ഇത് സംബന്ധമായ നിയന്ത്രണസംവിധാനങ്ങളുടെ അപര്യാപ്തത വെളിവാക്കുന്നു. ടി സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3. തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല**

പാലാത്ര കൺസ്ട്രക്ഷൻസിന്റെ രണ്ട് യൂണിറ്റുകളിലായി 20 വീതം ജോലിക്കാർ ഉള്ളതായി ലൈസൻസ് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. ഇതിൽ 30 പേരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ശമ്പള വിശദാംശങ്ങളും തൊഴിൽനികുതിയും തൊഴിൽനികുതി രജിസ്റ്റർ പേജ് 26 ൽ ചേർത്തിട്ടുണ്ടെങ്കിലും തുക ഈടാക്കിയതായി കാണുന്നില്ല. (ഒന്നാം അർദ്ധവർഷം) അർദ്ധവാർഷിക വരുമാനപത്രിക ഹാജരാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ, ഗവ. ഹോമിയോ ഹോസ്പിറ്റൽ, കുറിച്ചിയിലെ 25 ജീവനക്കാരുടെ തൊഴിൽനികുതിയും ഇത്തരത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഈ അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/31.12.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രണ്ട് സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-10-2 ലൈസൻസിനായി സമർപ്പിയ്ക്കുന്ന അപേക്ഷകളിൽ നിന്നും വരുമാനാടിസ്ഥാനത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്ന വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസിനായി സമർപ്പിയ്ക്കുന്ന അപേക്ഷകളിൽ അവരുടെ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അർദ്ധവാർഷിക വരുമാനം കണക്കാക്കി ആനുപാതികമായ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ദിവസ വരുമാനം | ഈടാക്കിയ വാർഷിക തൊഴിൽ നികുതി |
|---|---|---|---|
| 1 | ജോണി വർഗ്ഗീസ്<br>ജെയ് വി ഇൻഡസ്ട്രീസ്<br>കുറിച്ചി | 2000 | 1500 |
|  | കുര്യൻ മേലേടം<br>ജൂപ്പിറ്റർ റബ്ബേഴ്സ്<br>ചന്ദ്രത്തിൽ തോപ്പിൽ കുറിച്ചി | 5000 | 2000 |
| 2 | രഞ്ജി പുന്നൂസ്<br>സെന്റ് തോമസ് വർക്സ് | 1500 | 1200 |
| 3 | രൺജിത്ത് .സി.ആർ<br>ലക്ഷ്മി എഞ്ചിനീയറിംഗ്<br>ഇത്തിത്താനം | 1500 | 1000 |
| 4 | സനൽകുമാർ.എ.ജി<br>ആനാരില് സ്റ്റോഴ്സ്<br>മലകുന്നം | 1500 | 1200 |
| 5 | ജിത്തു.സി.കെ<br>സി.കെ.ഗ്രൂപ്പ്<br>ചെറുശ്ശേരിത്തളം | 3000 | 2000 |

| | | | |
|---|---|---|---|
| 6 | സോണി തോമസ്<br>പ്രൊവിഷണൽ സ്റ്റോഴ്സ് ,<br>പീടികത്തുണ്ടിയിൽ<br>ഇത്തിത്താനം | 2500 | 1500 |
| 7 | ലിബു ചെറിയാൻ<br>ഹെറിൻ റബ്ബേഴ്സ് | 50000 | 2500 |
| 8 | ലിബുചെറിയാൻ<br>ലീ അസോസിയേറ്റ്സ് | 65000 | 2500 |
| 9 | അനിൽകുമാർ.ആർ<br>മംഗലശ്ശേരി ഇൻഡസ്ട്രീസ് | 5000 | 2500 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിനായി സമർപ്പിയ്ക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസ വരുമാനത്തിൽ നിന്നും ഓരോ അർദ്ധവർഷത്തിലെയും വ്യക്തിഗത വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണ പെർമിറ്റ്

**1.അനധികൃത കെട്ടിടങ്ങളുടെ ക്രമവല്ക്കരണം - നിരസിച്ച അപേക്ഷകളിന്മേൽ തുടർനടപടികളില്ല.**

തൻവർഷം അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ നിരസിക്കപ്പെടുന്നവയിന്മേൽ സമയബന്ധിതമായി യാതൊരു തുടർനടപടികളും സ്വീകരിക്കുന്നില്ല. സെക്രട്ടറി നൽകിയിട്ടുള്ള നിരസിച്ചു കൊണ്ടുള്ള അറിയിപ്പിൽ 15 ദിവസത്തിനകം അപാകതകൾ പരിഹരിച്ച് സമർപ്പിക്കണമെന്ന് ആണ് നിർദ്ദേശിച്ചിട്ടുള്ളത്. ചില അറിയിപ്പുകളിൽ സമയപരിധി നിഷ്കർഷിച്ചിട്ടുമില്ല. ചുവടെ ചേർക്കുന്ന അപേക്ഷകൾ നിരസിക്കപ്പെട്ടിരുന്നെങ്കിലും നാളിതുവരെ അപാകത പരിഹരിച്ച് സമർപ്പിക്കുകയോ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 138 പ്രകാരം സെക്രട്ടറി നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

1. ബിൻസി മോനിച്ചൻ,വയലാറ്റ് കളരിക്കൽ , മലകുന്നം പി.ഒ. എന്ന വ്യക്തിയുടെ എ4 – 4287/18 എന്ന ഫയൽ പരിശോധിച്ചതിൽ 26.7.2018 ൽ സമർപ്പിച്ച അപേക്ഷയിലെ അപാകത പരിഹരിച്ച് സമർപ്പിക്കുന്നതിന് 11.09.2018ലാണ് കത്ത് നൽകിയിട്ടുള്ളത്. നിർദ്ദിഷ്ട സ്ഥലം നിലം ആയതിനാൽ ക്രമവൽക്കരിച്ച് നമ്പർ നൽകുന്നതിന് ആർ.ഡി.ഒ.യുടെ അനുമതി/സമ്മതപത്രം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പെർമിറ്റില്ലാതെ പൂർത്തീകരിച്ച ടി കെട്ടിടം നാളിതുവരെ ക്രമവൽക്കരിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ക്രമവൽക്കരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. (വാണിജ്യാവശ്യത്തിനുവേണ്ടി നിർമ്മിച്ച 68.84m2 വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് 5 രൂപ നിരക്കിൽ പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി 1032രൂപയും വാർഷിക

വസ്തുനികുതി 30 രൂപ നിരക്കിൽ 2065 രൂപയും അനുബന്ധ നികുതികളും ഈടാക്കേണ്ടിയിരുന്നു.)

2. കെ.സി.സേവ്യർ, കെ.സി.സിജോ, കൈതത്തറ, ഇത്തിത്താനം എന്ന പേരിലുള്ള 158.76 m2 വിസ്തീർണ്ണമുള്ള കടമുറിയുടെ എ4-625/1.2.2019 നം. അപേക്ഷ 11.2.2019 ൽ അപാകത പരിഹരിക്കുന്നതിന് നിരസിച്ചു. നിരസന അറിയിപ്പിൽ നിയമപ്രകാരം സമയപരിധി നിഷ്കർഷിച്ചിട്ടില്ല. ടി കെട്ടിടം നാളിതുവരെ ക്രമവൽക്കരിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/02.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അനധികൃത നിർമ്മാണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം നടപടികളിന്മേൽ യുക്തമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2.അനധികൃത കെട്ടിടങ്ങളുടെ ക്രമവല്ക്കരണം - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്**

1. ശ്രീ.സി.എസ്. അനിയൻ, ചിറയ്ക്കൽ, കുറിച്ചി എന്ന വ്യക്തിയുടെ എ4 -6848/18 നംപർ ഫയൽ പരിശോധിച്ചതിൽ 98.69 m2 വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള ടി കെട്ടിടത്തിന് ഈടാക്കിയ ക്രമവൽക്കരണ ഫീസിൽ കുറവ് വന്നതായി കാണുന്നു. പെർമിറ്റ് ഫീസ് ഉൾപ്പെടെ ക്രമവൽക്കരണത്തിന് ഈടാക്കേണ്ടുന്ന ഫീസ് (98.69x3)x 3 = 888.21 രൂപയാണ്. എന്നാൽ ഈടാക്കിയ ഫീസ് 592.14 രൂപയാണ്. കുറവ് 296.07 രൂപ.

2. ശ്രീ. സദാനന്ദൻ, ഏഴംപകലായ പുതുപ്പറമ്പിൽ, എസ്.പുരം പി.ഒ. എന്നയാളുടെ എ4-6622/18 എന്ന ഫയൽ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച 202.13m2 വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള ടി കെട്ടിടത്തിന് ക്രമവൽക്കരണഫീസായി (202.13m2 x 3) x 3 = 1819.17 രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 1212.78 രൂപയാണ് ഈടാക്കിയത്. കുറവ് 606.39 രൂപ.

കുറവ് വന്ന 902/-രൂപ (296.07+ 606.39) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/02.01.2020) മറുപടി ലഭ്യമാക്കിയില്ല.

## 1-12 വാടക - ഫയലുകളും രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച

തൻവർഷ വാടകവരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മുറി വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ, പേര്, വിലാസം, സെക്യൂരിറ്റി ഡെപ്പോസിറ്റ് വിശദാംശം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
2. ചുവടെ ചേർക്കുന്ന മുറികളുടെ വാടക തൻവർഷം ഈടാക്കിയിട്ടില്ല.

| മുറി നംപർ | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക കാലയളവ് | ആകെ |
|---|---|---|---|---|
| 3 | സുനിൽ ബാബു, കരുണാലയം, ഇത്തിത്താനം | 1342 | 4/18 - 3/19 | 16104 |
| 5 | മനു പി. മണിയപ്പൻ, പരവൻപറമ്പിൽ, ഇത്തിത്താനം | 663 | 4/18 - 3/19 | 7956 |
| 11 | സുനിൽ ബാബു, കരുണാലയം, ഇത്തിത്താനം | 4255 | 4/18 - 3/19 | 51060 |
| | ആകെ | | | 75120 |

ടി മുറികൾക്ക് നിയമാനുസൃത എഗ്രിമെന്റ് ചമച്ചിട്ടില്ല. കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നും 2019-20 വർഷം ആർക്കാണ് വാടകയ്ക്ക് നൽകിയതെന്നും വ്യക്തമാക്കേണ്ടതാണ്.

3. പഞ്ചായത്ത് വക പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും ചാലച്ചിറ വനിതാവ്യവസായ കേന്ദ്രത്തിലും രണ്ട് പോസ്റ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവയുടെ വാടക ഈടാക്കുന്നതായി

കാണുന്നില്ല. ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം, ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. വാടകക്കാരുമായി നിയമാനസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. റൂം നംപർ 8 ന് ഹാജരാക്കിയ മുദ്രപ്പത്രം യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു. മുദ്രപ്പത്രത്തിൽ രണ്ട് കക്ഷികളും ഒപ്പുവെച്ചിട്ടില്ല. കൂടാതെ 11 മുറികളുടെ വാടകക്കരാർ വയ്ക്കാത്തതുമൂലം സംസ്ഥാന സർക്കാരിന് 200 രൂപ നിരക്കിൽ 2200 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിന്മേൽ 1959ലെ കേരള സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷികകണക്കുകൾ (ബി-15 ഷെഡ്യൂൾ) വാടകയിനത്തിലെ തൻവർഷ കുടിശ്ശിക 87269/- രൂപയും മുൻകുടിശ്ശിക 4341/- രൂപയും ഉൾപ്പെടെ 91610/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കുടിശ്ശികയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി വാടകക്കാരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 91610/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232.233.234.254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം, സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനങ്ങൾക്ക് വിരുദ്ധമായും പഞ്ചായത്തിൽ യാതൊരു സ്ഥലവും ഉപയോഗിയ്ക്കാൻ പാടില്ല. എന്നാൽ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് | ലൈലൻസ് ആവശ്യമായ സ്ഥാപനത്തിൽ വിൽക്കുന്ന/നിർമ്മിയ്ക്കുന്ന/സ്റ്റോക്ക് ചെയ്യുന്ന സാധനം | വാർഡ് നം. |
|---|---|---|---|
| 1 | ജോളി അഗസ്റ്റിൻ,<br>ആലഞ്ചേരിൽ മലംകുന്നം | വെൽഡിംഗ് വർക്സ് | 15 |
| 2 | വി.കെ.സോമരാജൻ,<br>പുൽപ്പറമ്പിൽ<br>എസ്-പുരം | അയൺവർക്സ് | 14 |
| 3 | കെ.രാജശേഖരറെഡ്ഡി<br>5-2/എ കൊട്ടച്ചേരി സ്ട്രീറ്റ്<br>ശ്രീശ്രീസ്വരൂപ സീഡ്സ് | പച്ചക്കറി വിത്തുകളുടെ സംഭരണവും വിതരണവും | 14 |
| 4 | എ.കെ സുമോൻ<br>ആശാരിപറമ്പിൽ<br>മലംകുന്നം പിഒ | പലചരക്ക് വ്യാപാരം | 15 |

| | | | |
|---|---|---|---|
| 5 | പ്രജീഷ്.വി.പി<br>ബ്രദേഴ്സ് മാർക്കറ്റിംഗ്<br>ചിങ്ങവനം | സാനിട്ടറി-ഇലക്ട്രിക്കൽ സാധനങ്ങളുടെ സംഭരണവും വിതരണവും | 15 |
| 6 | രജീഷ് രവീന്ദ്രൻ<br>ന്യൂ സ്റ്റാർ ഓട്ടോമൊബൈൽ<br>തലയാട്ടുംപള്ളി | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | 3 |
| 7 | എംഎസ് കുര്യൻ<br>എഎസ് ഫുഡ് ട്രേഡംഗ് കമ്പനി<br>എസ് പുരം പിഒ | ചിപ്സുകൾ, മിഠായികൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് | 4 |
| 8 | അജിൻ കുമാർ പിജി<br>രമ്യാ വുഡ് വർക്സ്<br>കുറിച്ചി | തടിപ്പണി നടത്തുന്നതിന് | 14 |
| 9 | ഹഷിരാജ് .പി<br>പുതുപ്പറമ്പിൽ<br>എസ് പുരം | റബ്ബർ വുഡ് പാക്കിംഗ് കേസ് വിൽപ്പന | 7 |
| 10 | ഏലിയാമ്മ ടോമി<br>മിനി ഗ്രൂപ്പ് ഓഫ് മാർക്കറ്റിംഗ്<br>പണിക്കശ്ശേരി,മലംകുന്നം | പേപ്പർഫയൽ നിർമ്മാണം, നോട്ടീസ് ബോർഡ്, മൈക്ക ബോർഡ് എന്നിവയുടെ വിൽപ്പന | 9 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.20 ന് മറുപടി നല്കിയിട്ടില്ല. പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി, അവരിൽ നിന്നും ലൈസൻസ് ഫീസും പിഴയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-1 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ നൽകിയത് - സ്റ്റേഷനറി പൂർണ്ണമായും ലഭിച്ചിട്ടില്ല

വൗച്ചർ നം.21800824/ തീ 22.2.2019 തുകയുള്ളവ-42116/-രൂപ

ചെക്ക് നം.055997 തീ 22.2.19

മേൽ വൗച്ചർ പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഓഫീസ് ആവശ്യത്തിലേയ്ക്ക് രജിസ്റ്ററുകളും ഫോമുകളും വാങ്ങാൻ 19.2.19 ലെ A3/1060/19 ഇൻഡന്റ് പ്രകാരം 42116/-രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 2185/6.3.19 ഇൻവോയിസ് പ്രകാരം 31038/- രൂപയ്ക്കുള്ള സാധനങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 11078/- രൂപയുടെ സാധനങ്ങൾ ലഭിയ്ക്കാൻ അവശേഷിക്കുന്നു. സ്റ്റേഷനറി ലഭിച്ചത് സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ഇൻഡന്റ്/തുകയുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. 11078/- രൂപയ്ക്കുള്ള സ്റ്റേഷനറി ലഭിയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.20/04.01.2020) മറുപടി ഹാജരാക്കിയിട്ടില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സ്റ്റേഷനറി വാങ്ങുമ്പോൾ 11078/-രൂപ ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമീകരിക്കുകയോ തിരികെ ലഭ്യമാക്കുകയോ ചെയ്യുന്നത് വരെ അധികം നല്കിയ 11078/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-14-2 ജീവനക്കാരുടെ സേവനപുസ്തക സൂക്ഷിപ്പിൽ അപാകത

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അർഹമായ തീയതിയ്ക്ക് മുമ്പേ ഇൻക്രിമെന്റ് അനുവദിച്ചു

ശ്രീമതി സരിത പി.എഫ്. സീനിയർക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിച്ച് ജോലിയിൽ പ്രവേശിച്ചത് 7.11.2018 ൽ ആണ്. ടി തീയതിയിൽ സീനിയർ ക്ലാർക്കിന്റെ ശമ്പള സ്കെയിലിന്റെ (25200-54000) മിനിമമായ 25200/- രൂപയിൽ ശമ്പളം നിജപ്പെടുത്തി നൽകിയിരുന്നു. ടിയാളുടെ നോർമൽ ഇൻക്രിമെന്റ് തീയതിയായ 1.8.2019ൽ തന്നെ അടുത്ത ഇൻക്രിമെന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. ടിയാൾക്ക് റീ ഫിക്സേഷൻ ബെനഫിറ്റിന് അർഹതയില്ലാത്തതിനാൽ 01.08.2019 മുതൽ 31.10.2019 വരെ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2) സേവനപുസ്തകത്തിലെ ആർജ്ജിതാവധി കണക്കുകളിലെ അപാകത

ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ.സന്തോഷ് എസ്.ന്റെ ആർജ്ജിതാവധി അക്കൗണ്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 17.8.2017 മുതൽ 31.8.2017 വരെ ടിയാൻ ശൂന്യവേതനാവധിയിൽ ആയിരുന്നുവെങ്കിലും 1.4.2017 മുതൽ 31.1.2018 വരെയുള്ള ആകെ പ്രവൃത്തി ദിവസങ്ങളിൽ നിന്ന് ശൂന്യവേതനാവധി ദിവസങ്ങൾ കുറവ് ചെയ്യാതെയാണ് ആർജ്ജിതാവധി കണക്കാക്കിയത്.
2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 30 ആർജ്ജിതാവധി പണമാക്കി നൽകിയിട്ടുണ്ട്. എന്നാൽ ആർജ്ജിതാവധി കണക്കിൽ 30 ദിവസം കുറവ് ചെയ്യുന്നതിന് പകരം 29 ദിവസമാണ് കുറവ് ചെയ്തിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-15 ഗ്രാമപഞ്ചായത്ത് ഒ◌ാഫീസിലേയ്ക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ -കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടില്ല

പ്രോജക്ട് നം.S0262/19
നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി

അടങ്കൽ , തനത് ഫണ്ട് -3,00,000/-

ചെലവഴിച്ച തുക - 2,29,188/-രൂപ

ഗ്രാമപഞ്ചായത്താഫീസിലേയ്ക്ക് കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത കടവിൽ ഇൻഫോടെക്ക്, സിറിൾസ് ടവർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ തുക ക്വോട്ട് ചെയ്ത ആവലോൺ സിസ്റ്റംസ്& സർവീസസിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത തുക താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക | ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ |
|---|---|---|
| ആവലോൺ സിസ്റ്റംസ്, | Acer vertion Desktop PC | ഡെസ്ക് ടോപ്പ് |

| | | |
|---|---|---|
| സ്റ്റാർ ജംഗ്ഷൻ , എം.സി.റോഡ്, കോട്ടയം | -38980/-<br>BROTHER HL-2361DN Laser printer with duplex-9922 | -5x32118.64=160593.20<br>പ്രിന്റർ -4x8408.47=33633.88<br>ആകെ =194227.08<br>SGST 9% -17480.44<br>CGST 9% -17480.44 |
| കടവിൽ ഇൻഫോടെക്ക്, സിറിൾസ് ടവർ ,കോട്ടയം | Desktop Acer 3yr warranty -29900<br>+2yr additional OEM warranty-2900<br>TOTAL -32800<br>LASER PRINTER -10,000 | ആകെ =229188വൗച്ചർ നം.21800902/12.3.2019<br>ചെക്ക് നം.0723505/12.3.19 |

കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങാതെ കൂടിയ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.17 നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. കടവിൽ ഇൻഫോടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ 204000(32800x5+10000x4)രൂപ മാത്രമേ ചെലവാകുമായിരുന്ന സ്ഥാനത്ത് ഇതേ കമ്പനിയുടെ സാധനം തന്നെ 2,29,188/- രൂപയ്ക്ക് വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തിന് 25188/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി നഷ്ടം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 ബാലസഭ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല

പ്രോജക്ട് നം.52/19, പ്രോജക്ടിന്റെ പേര് - ബാലസഭ പ്രവർത്തനങ്ങൾ

അടങ്കൽ വികസനഫണ്ട് (പൊതു വിഭാഗം) -50,000/-

ഗ്രാമപഞ്ചായത്തിലെ ബാലസഭ പ്രവർത്തനങ്ങൾക്കായി 2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിലുൾപ്പെടുത്തി 50,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് സി.ഡി.എസ്.ന്റെ അക്കൗണ്ടിലേയ്ക്ക് (A/C No.67154289124)മാറ്റിയിട്ടുണ്ട്. എന്നാൽ ബാലസഭ പ്രവർത്തനങ്ങൾക്കായി തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതിവിഹിതം ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10 നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയില്ല. സി.ഡി.എസ് അക്കൗണ്ടിലുള്ള പദ്ധതിവിഹിതം തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. അടവാക്കുന്നതു വരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികമായി സ്കോളർഷിപ്പ് വിതരണം ചെയ്തു

പ്രോജക്ട് നം.197/19,
പ്രോജക്ടിന്റെ പേര് – പ്രൊഫഷണൽ കോഴ്സ് -എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ വികസനഫണ്ട്(എസ്.സി.പി) -250,000

ചെലവ് -175000, നിർവ്വഹണോദ്യാഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 175000/- രൂപ സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ്)22/2018/ത.സ്വ.ഭ.വ തീ.14.2.2018 ഉത്തരവ് ഖണ്ഡിക 7.2.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

1) മെഡിക്കൽ കോഴ്സ് -30,000 രൂപ

2)എഞ്ചിനീയറിംഗ് കേഴ്സ് -25000/-രൂപ

3)ബിരുദം -20,000/-രൂപ

എന്നാൽ ഗ്രാമപഞ്ചായത്തിൽ ബിരുദകോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 25000/-രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഇപ്രകാരം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അർഹമായ സ്കോളർഷിപ്പ് തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| ജ്യോതിമോൾ പി.ആർ<br>പള്ളിക്കുന്നേൽ,ഇത്തിത്താനം, കുറിച്ചി | ബി.എ.പൊളിറ്റിക്കൽ സയൻസ് | 20,000 | 25000<br>ബിൽനം.34/18-19<br>തീ 27.2.18 | 5000 |
| പ്രദീഷ് എ.പി.<br>അത്തിക്കളം,<br>ഇത്തിത്താനം | ബി.എസ്.സി.ഫിസിക്സ് | 20,000 | 25000<br>ബിൽ നം.38/18-19<br>തീ 23.3.19 | 5000 |
| ഗീതുമോൾ ബാബു,<br>തോട്ടുചിറയിൽ ,ഇത്തിത്താനം | ബി.എസ്.സി.ബോട്ടണി | 20,000 | 25000<br>Qbill | 5000 |
| | | | ആകെ | 15000 |

സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികമായി സ്കോളർഷിപ്പ് വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി (നം.9/01.01.2020) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ അധിലംഘിച്ച് തുക നൽകുന്നത് വികസന ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. (സബ്സിഡി മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ

ഖണ്ഡിക 2.3 കാണുക). അധികം നൽകിയ 15000/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 1-18 വീട് വാസയോഗ്യമാക്കൽ (ജനറൽ) - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

1)പ്രോജക്ട് നം.45/18-19

<u>വകയിരുത്തൽ</u>

വികസനഫണ്ട്(ജനറൽ) -1542200

തനത് ഫണ്ട് - 457800

ആകെ -2000000

<u>ചെലവഴിച്ച തുക</u>

വികസനഫണ്ട്(ജനറൽ) -1542200

തനത് ഫണ്ട് - 64950

ആകെ – 1607150

വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പ്രവൃത്തിയ്ക്കായി അഡ്വാൻസ് കൈപ്പറ്റിയ 38 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ബാക്കി സബ്സിഡി തുക 50,000/- രൂപ കൈപ്പറ്റിയിട്ടില്ല. അഡ്വാൻസ് തുക 25000/-രൂപ കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത ടി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽനം./തീയതി |
|---|---|---|
| ശങ്കരൻകുട്ടിനായർ,പുത്തൻപീടിക,വാർഡ് -14,ഇത്തിത്താനം പി.ഒ | 25000 | ബിൽനം.15/18-19 തീ 25.10.18 ,തുക -100,000 |
| വിൽസൺ എം.ജെ,കുഴിയാത്ത് പറമ്പിൽ, എസ്.പുരം പി.ഒ,വാർഡ് 6 | 25000 | ബിൽനം.17/18-19 തീ 14.11.18 തുക -145,000 |
| വിജയകുമാരി ശ്രീധരൻ നായർ, കൊച്ചുപറമ്പിൽ,ഇത്തിത്താനം,പി.ഒ,വാർഡ്9 | 25000 | ബിൽനം.24/18-19 തീ7.1.19തുക -224405 |

അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് സബ്സിഡി തുകയായ 50,000/-രൂപ കൈപ്പറ്റുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതുമാണ്.

2) വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം.S0047/19

വികസനഫണ്ട് (എസ്.സി.പി) -30,00,000

വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) അഡ്വാൻസ് 35000/- രൂപ വീതം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ബാക്കി സബ്സിഡി തുകയായ 75000/-രൂപ കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽനം/തീയതി |
|---|---|---|
| സുനിൽകുമാർ എം.സി, മുട്ടുചിറ വീട്, എസ്.പുരം,വാർഡ് 7 | 35000 | 8/18-19 തീ.31.1.19 തുക -350,000 |
| അമ്മിണി സോമൻ, വാർഡ് 14, ചെമ്പുചിറപ്പൊക്കം ,ഇത്തിത്താനം | 35000 | 8/18-19 തീ.31.1.19 തുക -350,000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ച് സബ്സിഡി തുകയായ 75000/-രൂപ കൈപ്പറ്റുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും അല്ലാത്ത പക്ഷം അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളിലുമായി ഇതിനോടകം ചെലവഴിച്ച 145000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 നെൽവിത്ത് വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 013/2019 പ്രകാരം വികസനഫണ്ടിൽ നിന്നും 14.8 ലക്ഷം രൂപ (ബിൽ നം/തീ 18080402002700765833 തീ 22/11/2018) ചെലവഴിച്ച് നെൽകർഷകർക്കായി 15 പാടശേഖരസമിതി വഴി 37000കി.ഗ്രാം നെൽ വിത്ത് വിതരണം നടത്തിയിട്ടുണ്ട്. 29/10/2018-ൽ ആയത് സമിതികൾക്ക് ലഭിച്ചിട്ടുമുണ്ട് (സമിതികൾ ഗുണഭോക്താക്കൾക്ക് നല്കുന്നു). സ.ഉ (കൈ)നം 22/2018/തസ്വഭവ തീ 14/02/2018 പ്രകാരം കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) എന്നിവിടങ്ങളിൽ നിന്നും യഥാർത്ഥ വില നല്കി വാങ്ങുന്ന വിത്ത് 100% സബ്സിഡിയോടെ കർഷകർക്ക് കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കൃഷി ഓഫീസർ പാടശേഖരസമിതിക്ക് വിത്ത് നല്കുന്നതിന് ഉള്ള അനുമതി പത്രം കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിന് നല്കുകയും ബാങ്ക് 40/- രൂപ വിലയുള്ള വിത്ത് സമിതിക്ക് നല്കുകയുമാണ് ചെയ്തിട്ടുള്ളത്. വില തെളിയിക്കുന്നതിന് ബാങ്ക് 21-1-2019 ലെ നാഷണൽ സീഡ് കോർപ്പറേഷൻ ബില്ലിന്റെ പകർപ്പ് കൃഷി ഓഫീസർക്ക് നല്കിയിട്ടുണ്ട്. ഇത് പ്രകാരം വിത്ത് വില 40 രൂപയിൽ ഡീലർ ഡിസ്കൗണ്ട് 8% കുറച്ചുള്ള തുകയാണ് ബാങ്കിൽ നിന്നും ഈടാക്കിയിട്ടുള്ളത്.

- 29/10/2018 ൽ വിതരണം ചെയ്ത വിത്തിന്റെ വില 40 രൂപയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖ ഫയലിൽ ഇല്ല.
- നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും നേരിട്ടുവാങ്ങുമ്പോൾ ലഭിക്കേണ്ട 8% ഡിസ്കൗണ്ട് തുകയായ 11840/- (148000X8%)രൂപയുടെ നേട്ടം പഞ്ചായത്തിനോ ഗുണഭോക്താക്കൾക്കോ ലഭിച്ചിട്ടില്ല.
- മാർഗ്ഗരേഖക്ക് വിരുദ്ധമായി നെൽ വിത്ത് വിതരണം നടത്തുന്നതിന് ഇടനിലയായി കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തി. ഇതിലൂടെ ബാങ്കിന് 118400/- രൂപയുടെ നേട്ടം ഉണ്ടായിട്ടുണ്ട്.


ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/03.01.2020) മറുപടിയായി ഗോഡൗൺ സൗകര്യം ഇല്ലാത്തതിനാലും സമയബന്ധിതമായി വിത്ത് വിതരണം ചെയ്യേണ്ടതിനാലുമാണ് ബാങ്ക് വഴി വിതരണം ചെയ്തതെന്ന് മറുപടി നല്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് യഥാർത്ഥവില നല്കി വിത്ത് വാങ്ങുന്നതിന് അനുമതിയുള്ളത്. സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വാങ്ങിയപ്പോൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിരക്കിൽ ഇളവ് ലഭിക്കുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. പഞ്ചായത്ത് ഭരണസമിതി, പ്രോക്യൂർമെന്റ് കമ്മറ്റി എന്നിവ വിഷയം പരിശോധിക്കേണ്ടതും മാർഗ്ഗരേഖ പാലിച്ചാണ് നിർവ്വഹണം നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്. ഗോഡൗൺ സൗകര്യംപോലുള്ള അപാകതകൾ മൂലം പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മുൻകൂർ

അനുമതിയോടെ മാത്രം നിർവ്വഹണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പെട്ടി പറ വാങ്ങൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല പഞ്ചായത്തിന് അധികച്ചെലവ്

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 247/2019 നമ്പർ പ്രോജക്റ്റ് പ്രകാരം പാടശേഖരസമിതികൾക്ക് പെട്ടി പറ വിതരണം ചെയ്യുന്നതിന് ബ്ലോക്ക് വിഹിതം 10,15,900/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ടിനത്തിൽ 185000/- രൂപ മുൻവർഷവും ചെലവഴിച്ചിട്ടുണ്ട്. പെട്ടി പറ ഒന്നിന് 5,17,450/- രൂപ ചെലവിൽ (ട്രാൻസ്പോർട്ടേഷൻ ചാർജ് അടക്കം) 2 പാടശേഖരസമിതികൾക്ക് പെട്ടിയും പറയും (20എച്ച്.പി. മോട്ടോർ അടക്കം), മറ്റൊരു പാടശേഖരസമിതിക്ക് 1,66,000/- രൂപ ചെലവിൽ 20എച്ച്.പി മോട്ടോറും നല്കിയിട്ടുണ്ട് (ആകെ ചെലവ് 12,00,900/-രൂപ). പ്രസ്തുത ഉപകരണങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ എന്നിവയിൽ നിന്നും അവരുടെ ഉല്പന്നങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങാമെങ്കിലും പ്രസ്തുത ഏജൻസി




മാർക്കറ്റിംഗ് മാത്രം നടത്തുന്ന ഇനങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങാൻ വ്യവസ്ഥ ഇല്ല. കൂടാതെ പാടശേഖരസമിതി അപേക്ഷ നല്കിയിട്ടുള്ളതും, ജില്ലാ തല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളതും 30/50 എച്ച്.പി. ഉള്ള മോട്ടോർ ഉപയോഗിക്കുന്ന യൂണിറ്റിനാണ് ഈ സാഹചര്യത്തിൽ 20 എച്ച് പി മോട്ടോറിന് പർച്ചേസ് ഓർഡർ നല്കിയതിന് വിശദീകരണം നല്കിയിട്ടില്ല. കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലും, കല്ലറ ഗ്രാമ പഞ്ചായത്തിലും ഇതേ കാലയളവിൽ ടെണ്ടർ നടപടികളിലൂടെ വാങ്ങിയപ്പോൾ 30 എച്ച്.പി മോട്ടോറടങ്ങിയ യൂണിറ്റിന് യഥാക്രമം 3,80,000/- രൂപയും 4,79,950/- ആണ് ചെലവ് വന്നിട്ടുള്ളതെന്ന് പ്രസ്തുത സ്ഥാപനങ്ങളിലെ ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിലും കുറഞ്ഞവിലക്ക് 20എച്ച്.പി. മോട്ടോറടങ്ങിയ യൂണിറ്റ് പൊതുമാർക്കറ്റിൽ ലഭിക്കുമെന്നിരിക്കെ 5,17,450/- രൂപ ചെലവിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ നിന്നും ടെണ്ടർ കൂടാതെ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോജക്റ്റ് അംഗീകാരം ലഭിച്ചതിനാലാണ് നിർവ്വഹണം നടത്തിയതെന്നും ഇപ്പോൾ വാങ്ങൽ നടത്തുന്നത് ഇ-ടെണ്ടർ മുഖാന്തിരമാണെന്നും മറുപടി നല്കിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതി വിഷയം പരിഗണിക്കേണ്ടതും പ്രോക്യുവർമെന്റ് കമ്മറ്റി ഇടപെടലുകൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്കനുസൃതമായാണ് വാങ്ങലുകൾ നടക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം.

1) കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 38/2019 പ്രകാരം വികസനഫണ്ടിൽ നിന്നും 18,766/- രൂപ ചെലവഴിച്ച് 475 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം ഇതിന് 24703/- രൂപ ചെലവായിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും 18766/- രൂപയും (ബിൽ നം. 180804020027011500047 തീയതി 02/01/2019) ഗുണഭോക്തൃവിഹിതം 5938/- രൂപയും ഉൾപ്പെടെ 24704/- രൂപ RAIDCOക്ക് നല്കിയിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14/02/2018 പ്രകാരം ഗ്രോബാഗുകൾക്ക് 75% സബ്സിഡി എല്ലാ വിഭാഗങ്ങൾക്കും നല്കാവുന്നതാണ്. ഇതനുസരിച്ച് 24704/- രൂപയുടെ 75% ആയ 18528/- രൂപയാണ് വികസനഫണ്ടിൽ നിന്നും പിൻവലിക്കാവുന്നത്. എന്നാൽ 238/- രൂപ അധികമായി പിൻവലിച്ചു.

കൂടാതെ വെറ്റിംഗ് ഓഫീസർ അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം 100% സബ്സിഡിയോടെ, യൂണിറ്റിന്

100 രൂപ വരുന്ന 2500 യൂണിറ്റ് തൈകൾ വിതരണം ചെയ്യുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ആയത് 75% സബ്സിഡിയുള്ള ഗ്രോബാഗ് വിതരണമാക്കി മാറ്റി നിർവ്വഹിക്കുകയും പ്രോജക്ട് അംഗീകാരമില്ലാതെ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയും ചെയ്തു.

2) പ്രോജക്ട് നമ്പർ 36/2019 പ്രകാരം വികസനഫണ്ടിൽ (എസ്.സി.പി)നിന്നും12927/- രൂപ ചെലവഴിച്ച് 275 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം ഇതിന് 14302/- രൂപ ചെലവായിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും 12927/- രൂപയും (ബിൽ നം. 18080402002701150092 തീയതി 02/01/2019)) ഗുണഭോക്തൃവിഹിതം 1375/- രൂപയും ഉൾപ്പെടെ 14302/- രൂപ RAIDCO ക്ക് നല്കിയിട്ടുണ്ട്. സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14/02/2018 പ്രകാരം ഗ്രോബാഗുകൾക്ക് 75% സബ്സിഡി എല്ലാ വിഭാഗങ്ങൾക്കും നല്കാവുന്നതാണ്. ഇതനുസരിച്ച് 14302/- രൂപയുടെ 75% ആയ 10726/- രൂപയാണ് വികസനഫണ്ടിൽ നിന്നും പിൻവലിക്കാവുന്നത്. എന്നാൽ 2201/- അധികമായി പിൻവലിച്ചു.

കൂടാതെ വെറ്റിംഗ് ഓഫീസർ അംഗീകരിച്ച മേൽ പ്രോജക്ട് പ്രകാരം 100% സബ്സിഡിയോടെ, സംയോജിത പച്ചക്കറി വികസനത്തിന് തൈകൾ വിതരണം ചെയ്യുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ആയത് 75% സബ്സിഡിയുള്ള ഗ്രോബാഗ് വിതരണമാക്കി മാറ്റിയതിനും പ്രോജക്ട് അംഗീകാരമില്ലാതെ ഗുണഭോക്തൃവിഹിതം പിരിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/03.01.2020) പച്ചക്കറി തൈ, വളം, ഗ്രോബാഗ് എന്നിവ ഉൾപ്പെടുത്തി പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കുകയും വ്യത്യസ്ത നിരക്കിലുള്ള സബ്സിഡി ആയതിനാൽ ആയതിനനുസരിച്ച് ഗുണഭോക്തൃവിഹിതം പിരിക്കുകയുമായിരുന്നു എന്ന് മറുപടി നല്കി. പഞ്ചായത്ത് ഭരണസമിതി വിഷയം പരിശോധിക്കുകയും മാർഗ്ഗരേഖ പ്രകാരമാണ് നിർവ്വഹണം നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-22 വൃദ്ധർക്കും വൃക്ക,ഹൃദയ,ക്യാൻസർ രോഗികൾക്കും മരുന്നു വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 26/19 |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക്, വൃക്ക/ഹൃദയ/ക്യാൻസർ രോഗികൾക്ക് മരുന്നു വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| അടങ്കൽ | 125000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 125000 രൂപ |
| ബിൽ നം. തീയതി | 06/18-19 / 11.01.2019 |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം വൃക്ക/ഹൃദയ/ കാൻസർ രോഗികളായ വൃദ്ധർക്ക് മരുന്നു വാങ്ങി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF 3060/7.12.2018 നംപർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് ബിൽ നം. 6/18-19/11.01.2019 പ്രകാരം 1,25,000/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ടി സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക ഒടുക്കി ഒരു വർഷമാകാറായിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 15107/- രൂപയുടെ മരുന്ന് ഇപ്പോഴും ലഭിക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാക്കാത്തത് പ്രോജക്ട് നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നു.
2. മുൻകൂർ നൽകുമ്പോൾ ഏജൻസിയുമായി കരാറിലേർപ്പെടുന്നില്ല. ഇത് മൂലം പ്രൊഫോർമ ഇൻവോയ്സിലുള്ള നിരക്കിലല്ല പിന്നീട് മരുന്ന് സപ്ലൈ ചെയ്യുന്നത്. ഇത് സപ്ലൈ ചെയ്യുന്ന

മരുന്നുകളുടെ അളവിൽ വ്യത്യാസം വരുന്നതിനും ഇടയാക്കിയിട്ടുണ്ട്.

3. പ്രോജക്ട് പ്രകാരം ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വൃദ്ധരുടെ ലിസ്റ്റ് ഉണ്ടാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4. മെഡിക്കൽ ഓഫീസർ ഗുണഭോക്താക്കളുടെ പരിശോധന നടത്തി മരുന്നുകളുടെ വിവരം ശേഖരിക്കണമെന്ന് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇപ്രകാരം മരുന്നുകളുടെ വിവരം ശേഖരിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5. മരുന്ന് സ്റ്റോക്കിലെടുത്തതിന്റെയും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രത്യേകമായി തയ്യാറാക്കിയ ടി പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്നു.

- ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കുന്നു.
- വൃദ്ധരുടെ ലിസ്റ്റ് ഉണ്ടാക്കുന്നു.
- മെഡിക്കൽ ഓഫീസർ പരിശോധന നടത്തി മരുന്നുകളുടെ വിവരം ശേഖരിക്കുന്നു.
- മരുന്നുകൾ വാങ്ങി പി.എച്ച്.സി.യിൽ ശേഖരിക്കുന്നു.
- ആവശ്യാനുസരണം ക്ലിപ്തമായ ഇടവേളകളിൽ മരുന്ന് വിതരണം ചെയ്യുന്നു.

മേൽ വിവരിച്ച നിർവ്വഹണഘട്ടങ്ങളിലൂടെ പ്രോജക്ട് കാര്യക്ഷമമായി നടപ്പിലാക്കിയത് സംബന്ധിച്ച രേഖാപരമായ വിവരങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

ടി അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/02.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയതിന്റെയും പ്രോജക്ട് നിർദ്ദേശങ്ങൾ പാലിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 1,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല - 199999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 23/19 |
| പ്രോജക്ടിന്റെ പേര് | ഗവ. ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 1,99,999/- രൂപ |
| ബിൽ നം. തീയതി | 03/18-19 / 07.02.2019 |

ടി പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രിക്ക് ഫർണിച്ചറുകളും ലാപ്ടോപ്പ്, പ്രിന്റർ, ഇൻവെർട്ടർ, മൈക്ക്സെറ്റ്, വാട്ടർ ഡിസ്പെൻസർ എന്നിവ ഉൾപ്പെടെയുള്ള സാധനങ്ങളും ആർട്കോയിൽ നിന്നും ക്വട്ടേഷൻ കൂടാതെ വാങ്ങിയിരുന്നു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ നിർദ്ദേശ പ്രകാരം, സ്റ്റീൽ/ മര ഫർണ്ണിച്ചറുകൾ ആർട്കോയിൽ നിന്നും ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നതാണ്. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ക്വട്ടേഷൻ കൂടാതെ ആർട്കോയിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല. ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. തീയതി | വാങ്ങിയ സാധനം | തുക | ആർട്കോയിൽ നിന്നും വാങ്ങുവാൻ അനുമതി ഇല്ലാത്തത് (X ചിഹ്നമുള്ളത്) |
|---|---|---|---|
| കെറ്റിഎം-130/ 31.01.2019 | Steel cabinet with 4 fixed shelves and glass door of size 78”*36”*19”(20G) | 12,024.20 | |
| | Steel wood plain bench with back rest180x30x45 CM-LEG and frame and back rest with MS Angle iron top with anjili/hardwood plank | 6,554.90 | |
| | ഇഎൻടി സെറ്റ് | 1,332.80 | X |
| | വാട്ടർ ഡിസ്പെൻസർ ബ്ലൂസ്റ്റാർ | 12,637.80 | X |
| | ഇൻവെർട്ടർ ഹൈകൊൺ 900W+100AH ട്യൂബുലാർ ബാറ്ററി | 23,777.00 | X |
| | എക്സ്റേ വ്യൂവെർ | 3,091.20 | X |
| | എക്സാമിനേഷൻ ടേബിൾ 198CMLx56CM wx 76cm | 6,061.66 | |
| | Teapoy വിത്ത് ഗ്ലാസ് ടോപ്പ് | 4,094.60 | |
| | ഇലക്ട്രോണിക് weight machine | 6,903.00 | X |
| | പ്രിന്റർ - എച്ച് പി 419 ഇൻക് ടാങ്ക് | 18,408.00 | X |
| | പൾസ് ഓക്സിമീറ്റർ with alarm without taking facility | 3,292.80 | X |

| | | | |
|---|---|---|---|
| | Thermometer with infrared | 3,717.00 | X |
| | നെബുലൈസെർ ഹൈ ക്വാളിറ്റി | 4,340.00 | X |
| | ബി.പി.അപ്പാരറ്റസ് എൽസിഡി ടൈപ്പ് | 4,905.60 | X |
| | ഇൻഫ്രാറെഡ് ലൈറ്റ് | 2,430.40 | X |
| | സ്റ്റീൽ റാക്ക് -30"x24"x12" & 12 BIN | 6,785.00 | X |
| | HW നോട്ടീസ് ബോർഡ് - 120x90x10 cm ഗ്ലാസ് ഷട്ടർ | 8,586.86 | X |
| | ലാപ്ടോപ്പ് - എച്ച്പി 13, 4GB, 1 TB HDD | 39,134.70 | X |
| | Uterisation set | 6,382.88 | X |
| | Toungue depressor | 44.80 | X |
| | പ്രോട്ടോസ്കോപ്പ് | 487.20 | X |
| | Wound dressing set | 2,441.60 | X |
| | Knee hammer | 196.00 | X |
| | റെക്സിൻ കവേർഡ് ബെഡ് size 180x56x7.5cm | 4,071.00 | X |
| | റെക്സിൻ കവേർഡ് പില്ലോ | 684.40 | X |
| | ബെഡ് ഷീറ്റ് | 399.00 | X |
| | മൈക്ക് സെറ്റ് -പോർട്ടബിൾ അംപ്ലിഫൈർ, വയർലെസ് മൈക്രോഫോൺ, standby 48 hours chargeable battery | 17,215.02 | X |
| | ആകെ | 1,99,999.42 | |

2. വാങ്ങലുമായി ബന്ധപ്പെട്ട് സ്ഥാപനവുമായി കരാർ ചമച്ചതായി കാണുന്നില്ല.

3. സാധനങ്ങളുടെ സ്റ്റോക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/30.12.19) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ കൂടാതെ വാങ്ങാം എന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയതെന്നും സ്ഥാപനവുമായി കരാർ വച്ചിട്ടില്ല എന്നും സ്റ്റോക്ക് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ 1,99,999/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചതിന് നിർവ്വഹണോദ്യോഗസ്ഥൻ ബാധ്യതപ്പെടുന്നതാണ്. വാങ്ങിയ ഉപകരണങ്ങളുടെ ഉപയോഗവിവരം, സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം, നിലവിൽ ഉപയോഗക്ഷമമാണോയെന്ന വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 "അഗതി രഹിതകേരളം"പദ്ധതി പ്രവർത്തനം ചലഞ്ച് ഫണ്ട് വിഹിതം ലഭിയ്ക്കാത്തതിനാൽ മന്ദഗതിയിൽ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിതകേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ 1-ാം ഘട്ട പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന 918926/- രൂപ കാനറാബാങ്ക് കുറിച്ചി ശാഖയിലെ (A/C N0.6499101001318)ലേയ്ക്ക് മാറ്റിയിട്ടുണ്ട്. 30.11.2019 ൽ പ്രസ്തുത അക്കൗണ്ടിൽ 10,70,025/- രൂപ നീക്കിയിരുപ്പുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4.2.19 ലെ കെ.എസ്/എൽ/423/2019(2)-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജനറൽ വിഭാഗത്തിൽ 139 ഗുണഭോക്താക്കളുണ്ട്. ജനറൽ വിഭാഗത്തിനുള്ള ആകെ അടങ്കൽ തുക 9241075/- രൂപയും ചലഞ്ച് ഫണ്ട് 33,13,675/- രൂപയുമാണ്. ചലഞ്ച് ഫണ്ട് ഒന്നാം ഗഡു തുക (1104558) അനുവദിക്കേണ്ടത് മുൻബാക്കി 5,71,217/- രൂപ കുറവ് ചെയ്തതിനു ശേഷം 533341/-രൂപയാണ്. എന്നാൽ നാളിതുവരെ ചലഞ്ച് ഫണ്ട് തുക കുടുംബ ശ്രീമിഷനിൽ നിന്നും ലഭിച്ചിട്ടില്ല. അക്കൗണ്ടിൽ ഉള്ള ബാലൻസ് തുക ഉപയോഗിച്ച് ഭക്ഷണവിതരണം മാത്രമാണ് നിലവിൽ നടത്തി വരുന്നത്. ഗുണഭോക്താക്കളുടെ മറ്റ് ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ട് ഘടകങ്ങൾ നടപ്പിലാക്കിയിട്ടില്ല. ഭക്ഷണ വിതരണത്തിന് പ്രതിമാസം 85000-9000 രൂപ നിരക്കിൽ തുക ചെലവഴിക്കുന്നുണ്ട്. ചലഞ്ച് ഫണ്ട് വിഹിതം അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

(എ) <u>എസ്.റ്റി.വിഭാഗത്തിനുള്ള ആശ്രയപദ്ധതി നടപ്പാക്കുന്നില്ല</u>

എസ്.റ്റി. വിഭാഗത്തിനുള്ള അഗതിരഹിത കേരളം പദ്ധതിയ്ക്ക് 20.6.19 ലെ കെ.എസ്.എച്ച്.ഒ 4182/എൽയ2019 ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. എസ്.റ്റി. വിഭാഗത്തിൽ 15 ഗുണഭോക്താക്കളുണ്ട്. പ്രസ്തുത വിഭാഗത്തിനുള്ള അഗതിരഹിത കേരളം പദ്ധതിയുടെ അടങ്കൽ തുക 1986636/- രൂപയും, ചലഞ്ച് ഫണ്ട് 761636/- രൂപയും, ഒന്നാംഗഡു തുക 253879/- രൂപയുമാണ്. മുൻ ആശ്രയ പദ്ധതിയ്ക്ക് അനുവദിച്ചതിൽ ബാക്കിയുള്ള തുക (37587) ഒഴിവാക്കി അനുവദിക്കേണ്ട ഒന്നാംഗഡു തുക 2,16,292/- രൂപയുമാണ്. കുറിച്ചി എസ്.ബി.എെ ബ്രാഞ്ചിലുള്ള എസ്.റ്റി ആശ്രയഫണ്ടിൽ (A/c no.67304143889)4.11.2019 ൽ നീക്കിയിരുപ്പു തുക മതിയാവാത്തതിനാൽ പ്രസ്തുത വിഭാഗത്തിനുള്ള ഭക്ഷണ

വിതരണം നിർത്തിവച്ചിരിക്കുകയാണ്. അഗതി കുടുംബങ്ങൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പ്രോജക്ട് തയ്യാറാക്കി അഗതിരഹിത കേരളം എന്ന പദ്ധതിയുടെ പൂർണ്ണലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി മേൽ വിഭാഗക്കാർക്കുള്ള ഭക്ഷണവിതരണം മറ്റ് ഫണ്ടുകളിൽ നിന്നും തുക വകയിരുത്തി നടപ്പിലാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 എണ്ണക്കാച്ചിറ-ആട്ടച്ചിറ കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം - ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തി നിർവ്വഹിച്ചു - അനാവശ്യ ചെലവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | എണ്ണക്കാച്ചിറ-ആട്ടച്ചിറ കോളനി റോഡ് സംരക്ഷണ ഭിത്തി, 0234/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 80000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ജയിംസ് കുട്ടി തോമസ് |
| കരാർ നമ്പർ | 19/AE/LSGD/KRCY/2017-18 തീ 06-10-2017 |
| ചെലവ് | 79466/-(ബിൽ നം/തീ 39/18-19 തീ 27/02/2019) |
| കരാറുകാരന് നല്കിയത് | 77876/- |

19-7-2017-ൽ ലഭിച്ച സാങ്കേതിക അനുമതിപ്രകാരം പ്രോജക്ട് 6 മാസം കൊണ്ട് പൂർത്തിയാകേണ്ടതായിരുന്നു. 6-10-2017-ൽ കരാർവച്ച് സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ 01/2019 വരെ പ്രവൃത്തി ആരംഭിച്ചില്ല. സാങ്കേതിക അനുമതിപ്രകാരം 5-4-2018നകം പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരൻ ആരംഭിക്കുകപോലും ചെയ്യാത്തതിനാൽ പൊതുമരാമത്ത് മാന്വൽ 2116.1 പ്രകാരം നിയമാനുസൃത പിഴ ഈടാക്കി കരാർ റദ്ദു ചെയ്യുന്നതിനും ഇയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ചെയ്യുന്നതിനുമുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചില്ല.

15 മീറ്റർ നീളം 1.6 മീറ്റർ പൊക്കത്തിൽ കല്ല് അടുക്കിക്കെട്ടി മുകളിൽ 7.5 സെ.മീ സിമന്റ് കോൺക്രീറ്റ് ചെയ്യുകയായിരുന്നു പ്രവൃത്തി. എന്നാൽ രേഖാമൂലം അനുമതി വാങ്ങാതെ 01/2019 മുതൽ 5/2/2019 വരെയുള്ള കാലയളവിൽ 6.8 മീ നീളം 1.3 മീ പൊക്കം സിമന്റ് ചാന്ത് ഉപയോഗിച്ച് കല്ല് കെട്ടുകയും 7.8 മീ നീളം ശരാശരി 2.4 മീ വീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്യുകയും ചെയ്തു (പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുമതി ലഭിച്ചത് 28/01/2019 ലാണ്). ആദ്യ എസ്റ്റിമേറ്റിൽ 15 മീറ്റർ നീളം 1.6 മീറ്റർ പൊക്കത്തിൽ സിമന്റില്ലാത്ത കല്ല് കെട്ട് ഉൾപ്പെടുത്തി സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിക്ക് അളവുകളിൽ കുറവു വന്നപ്പോൾ സിമന്റ് ചാന്തിട്ട കല്ല് കെട്ട് എന്നിയിനം ഉൾപ്പെടുത്തി അനാവശ്യച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു.

| | |
|---|---|
| എക്സ്ട്രാ ഇനം 1 ആയി ചെയ്ത സിമന്റിട്ട കല്ല് കെട്ട് 6.766 ഘന മീറ്ററിന് 5987.64രൂപ/ ഘ മീ നിരക്കിൽ ചെലവ് | 40512.37 |
| സിമന്റില്ലാതെ കല്ല് കെട്ട് 6.766 ഘന മീറ്ററിന് 2897.76രൂപ/ ഘ മീ നിരക്കിൽ ചെലവ് | 19606.24 |
| അധികച്ചെലവ് | 20906.13 |

മേൽ സൂചിപ്പിച്ച അപാകതകളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഡി.ആർ പാർശ്വഭിത്തി നിർമ്മിച്ചാൽ റോഡിന്റെ വീതികുറയും, വീട് അടുത്തുള്ളതിനാൽ ഇഴജന്തുക്കളുടെ ഭീഷണി ഉണ്ടാകും തുടങ്ങിയ മറുപടികളാണ് നല്കിയിട്ടുള്ളത്. സ്ഥലം സന്ദർശിച്ച ശേഷമാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നതിനാൽ മേൽ പറഞ്ഞ മറുപടികൾ അംഗീകരിക്കാവുന്നതല്ല. തയ്യാറാക്കപ്പെടുന്ന പ്രോജക്ടുകൾ ആവശ്യകത ഉറപ്പുവരുത്തിയും മിതവ്യയം അടിസ്ഥാനമാക്കിയും നിർവ്വഹിക്കാൻ പര്യാപ്തമായവയാണെന്ന് നിർവ്വഹണ അധികാരികളും

ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്. മേൽ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രോജക്ടിന്റെ ചെലവ് തുകയായ 79,466/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 കല്ലുങ്കൽ-എള്ളാല റോഡിന് ഓട നിർമ്മാണം-നിർവ്വഹണം നിയമാനുസൃതമല്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കല്ലുങ്കൽ-എള്ളാല റോഡിന് ഓട നിർമ്മാണം,237/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ജയിംസ് കുട്ടി തോമസ് |
| കരാർ നമ്പർ | 20/AE/LSGD/KRCY/17-18 തീ 06/10/2017 |
| ചെലവ് | 99581/-(ബിൽ നം 40/18-19 തീ 27-2-2019) |

06/10/2017 ൽ കരാർവച്ച് സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ 01/2019 വരെ പ്രവൃത്തി ആരംഭിച്ചില്ല. സാങ്കേതിക അനുമതിപ്രകാരം 05/04/2018 നകം പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരൻ ആരംഭിക്കുക പോലും ചെയ്യാത്തതിനാൽ പൊതുമരാമത്ത് മാന്വൽ 2116.1 പ്രകാരം നിയമാനുസൃത പിഴ ഈടാക്കി കരാർ റദ്ദ് ചെയ്യുന്നതിനും ഇയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ചെയ്യുന്നതിനുമുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചില്ല.

28/01/2019 ലെ കമ്മറ്റിയിൽ 40 മീറ്റർ ഓട നിർമ്മാണം എന്ന വേല ഒഴിവാക്കി നിലവിലുള്ള റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്യുകയും കരാർ ലംഘനം നടത്തിയ കരാറുകാരനെ ഒഴിവാക്കി റീ ടെണ്ടർ ചെയ്യുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന സമയത്ത് കോൺക്രീറ്റ് പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ മാറുകയും 15 സെ.മീ കനത്തിൽ ഒറ്റ അടുക്ക് കോൺക്രീറ്റ് നിലവിൽ വരുകയും ചെയ്തിരുന്നു. എന്നാൽ ഇതൊന്നും പരിഗണിക്കാതെ MoRd സ്പെസിഫിക്കേഷൻ പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് അന്നത്തെ കൂടിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി കരാർ ലംഘനം നടത്തിയ കരാറുകാരനെ കൊണ്ട് പ്രവൃത്തി ചെയ്യിക്കുകയാണ് ചെയ്തത്. നിയമാനുസൃതം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് പ്രവൃത്തി ചെയ്തിരുന്നു എങ്കിൽ കോൺക്രീറ്റ് പ്രവൃത്തിയിൽ താഴെ പറയും പ്രകാരം ചെലവ് കുറയുകയും ഗുണനിലവാരത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്യുമായിരുന്നു.

| | നല്കിയ നിരക്ക് (MoRd സ്പെസിഫിക്കേഷൻ) കോസ്റ്റ് ഇൻഡക്സ് 50.59 | | റീകാസ്റ്റ് ചെയ്തിരുന്നുവെങ്കിൽ (ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 44.12) നൽകാമായിരുന്ന നിരക്ക് | |
|---|---|---|---|---|
| 1:3:6 കോൺക്രീറ്റ് 10 സെ.മീ കനം | 7.875 ക്യൂ മീ @8034.59 | 63272.00 | 11.812 ക്യ.മീ 1:2:4 കോൺക്രീറ്റ് 15 സെ മീ കനം @7932.08/ക്യ മീ | 93693/- |
| 1:2:4കോൺ ക്രീറ്റ് 5സെ.മീ കനം | 3.937ക്യ.മീ @ 9034.01 | 35567.00 | | |
| ആകെ | | 98839.00 | | 93693 |

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പ്രവൃത്തി നീണ്ടുപോയതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രവൃത്തി ആരംഭിച്ചതുപോലും പൂർത്തീകരണ കാലാവധിക്ക് ശേഷമാണെന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മറ്റ് പരാമർശങ്ങൾക്ക് മറുപടി നല്കിയിട്ടുമില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് അനുസൃതമായും, നിയമാനുസൃതവുമായാണ് പ്രവൃത്തിയുടെ നിർവ്വഹണം എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-27 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തുന്നതു മൂലം അധികച്ചെലവ്

1)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പൊൻപുഴ മുല്ലശ്ശേരി മുക്ക് റോഡ് മെയിന്റനൻസ്, 95/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ജയിംസ് കുട്ടി തോമസ് |
| കരാർ നമ്പർ | 83/AE/LSGD/KRCY/2018-19 തീ 28-11-2018 |
| ചെലവ് | 99710/- (ബിൽ നം. 60/18-19 തീയതി 20-03-2019) |
| കരാറുകാരന് നല്കിയത് | 97716/- |

റോഡ് പ്രവൃത്തികളിൽ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിന് ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ ചെയ്തിരിക്കുന്ന എല്ലാ റോഡ് കോൺക്രീറ്റ് വേലകളിലും ഈ ഇനം ഉപയോഗിച്ചിട്ടുമുണ്ട്. എന്നാൽ മേൽപറഞ്ഞ പ്രവൃത്തിയിൽ നിലവിലുള്ള ടാറിംഗ് റോഡ് സ്കാരിഫൈ ചെയ്ത് മുകളിലായി 10 സെ.മീ കനത്തിൽ ക്വാറി മക്ക് ഫില്ല് ചെയ്യുകയും തുടർന്ന് 12 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ബലപ്പെടുത്തിയ സബ് ഗ്രേഡിന് മുകളിൽ മെറ്റൽ ഉപയോഗിച്ച് സബ് ബേസ് ചെയ്താണ് ടാറിംഗ് നടത്തിയത് എന്നതിനാൽ ക്വാറി മക്ക് ഉപയോഗിച്ച് സബ് ഗ്രേഡ് ബലപ്പെടുത്തിയതിന്റെ കാരണം തൃപ്തികരമായി വിശദീകരിച്ചിട്ടില്ല. കൂടാതെ റോഡ് സ്കാരിഫൈ എന്ന പ്രവൃത്തിയിൽ 5 സെ.മീ സ്കാരിഫൈചെയ്ത് ഇളകുന്ന മെറ്റൽ വീണ്ടും വിരിച്ച് റോളർ ഉപയോഗിച്ച് ഉറപ്പിക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഇനം 2 ആയി 9.39 ക്യൂ മീ ക്വാറി മക്ക് ഉപയോഗിച്ചതിന് **8385.27** രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ കുഴികളടച്ച് 20 മി.മീ ചിപ്പിംഗ് കാർപ്പറ്റ് വിരിച്ച് കുറഞ്ഞ ചെലവിൽ റോഡ് ഉപയോഗപ്രദമാക്കാമെന്നിരിക്കെ ഇത്തരത്തിൽ ടാർ റോഡിൽ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ആവശ്യകത വ്യക്തമല്ല.

2)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കല്ലുങ്കൽ- എള്ളാല റോഡ് മെയ്ന്റനൻസ്, 253/2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | സാരംഗ് മാത്യു |
| കരാർ നമ്പർ | 91/AE/LSGD/KRCY/2018-19 തീ 28-11-2018 |
| ചെലവ് | 199172/- (ബിൽ നം.53/18-19 തീയതി 20/03/2019) |
| കരാറുകാരന് നല്കിയത് | 195188/- |

മേൽ പറഞ്ഞ പ്രവൃത്തിയിൽ നിലവിലുള്ള ടാറിംഗ് റോഡ് സ്കാരിഫൈ ചെയ്ത് മുകളിലായി 10 സെ.മീ കനത്തിൽ ക്വാറി മക്ക് ഫില്ല് ചെയ്യുകയും തുടർന്ന് 15സെ.മീ കനത്തിൽ കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ബലപ്പെടുത്തിയ സബ് ഗ്രേഡിന് മുകളിൽ മെറ്റൽ ഉപയോഗിച്ച് സബ് ബേസ് ചെയ്താണ് ടാറിംഗ് നടത്തിയത് എന്നതിനാൽ ക്വാറി മക്ക് ഉപയോഗിച്ച് സബ് ഗ്രേഡ് ബലപ്പെടുത്തിയെന്ന വാദം അംഗീകരിക്കുന്നില്ല. കൂടാതെ റോഡ് സ്കാരിഫൈ എന്ന പ്രവൃത്തിയിൽ 5 സെ.മീ സ്കാരിഫൈചെയ്ത് ഇളകുന്ന മെറ്റൽ വീണ്ടും വിരിച്ച് റോളർ ഉപയോഗിച്ച് ഉറപ്പിക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഇനം 2 ആയി 15.179 ക്യൂ മീ ക്വാറി മക്ക് ഉപയോഗിച്ചതിന് **13554.85** രൂപ ചെലവഴിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ കുഴികളടച്ച് 20 മി.മീ ചിപ്പിംഗ് കാർപ്പറ്റ് വിരിച്ച് കുറഞ്ഞ ചെലവിൽ റോഡ് ഉപയോഗപ്രദമാക്കാമെന്നിരിക്കെ ഇത്തരത്തിൽ ടാർ റോഡിൽ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ആവശ്യകതയും അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/01.01.2020) താഴ്ന്ന സ്ഥലമായതിനാൽ വെള്ളക്കെട്ട് ഉണ്ടായി ടാറിംഗ് റോഡ് പൂർണ്ണമായും

നശിച്ചതിനാലാണ് കോൺക്രീറ്റ് ചെയ്തതെന്ന് മറുപടി നല്കി. എന്നാൽ ഇത്തരത്തിൽ റോഡ് നശിച്ച സ്ഥലത്ത് ടാറിംഗ് റോഡ് സ്കാരിഫൈ എന്ന പ്രവൃത്തി ചെയ്തതിനാൽ മറുപടി യുക്തി സഹമല്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ ഉൾക്കൊണ്ട് പ്രവത്തിയുടെ നിർവ്വഹണം നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽവിവരിച്ച പ്രകാരമുള്ള സാങ്കേതികപരമായ അപാകതകളിന്മേൽ ലഭ്യമാക്കിയ മറുപടി പൂർണ്ണമായും അംഗീകാര യോഗ്യമല്ലാത്തതിനാലും കൂടുതൽ വിശദീകരണം ആവശ്യമാകയാലും മേൽ പ്രോജക്ടുകളുടെ ചെലവ് 2,98,882/- (99710+199172) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പ്രോജക്ട് നിർവ്വഹണത്തിൽ കരാർ ലംഘനവും നിയമാനുസൃതമല്ലാത്ത പണം പിൻവലിക്കലും

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ഔട്ട്പോസ്റ്റ്-പഞ്ചായത്ത് സ്റ്റേഡിയം റോഡ് കോൺക്രീറ്റിംഗ്<br>221/2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 1000000/- (ധന.കമ്മീ .ഗ്രാന്റ്) |
| കരാറുകാരൻ | റ്റി.റ്റി സബാസ്റ്റ്യൻ |
| കരാർ നമ്പർ | 01/AE/LSGD/KRCY/17-18 തീ 11/07/2017 |
| ചെലവ് | 973112/-, ആദ്യ പാർട്ട് ബിൽ 543160/-<br>ഫൈനൽബിൽ 429952/-(ബിൽ നം 6/18-19 തീ6-6-2018) |

<u>**വികസനഫണ്ടിൽ നിന്നും 54316/- രൂപ അധികം പിൻവലിച്ചു.**</u>

ഈ പ്രവൃത്തിയുടെ വേലമൂല്യം 918796/- രൂപയാണ്. ഇതിനായി ആദ്യ പാർട്ട് ബിൽ പ്രകാരം 543160/- രൂപയും ഫൈനൽബിൽ പ്രകാരം 429952/- രൂപയും ഉൾപ്പെടെ 973116/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആദ്യ പാർട്ട് ബിൽ തുകയായ 543160/- രൂപയിൽ നിന്നും റിടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 54316/- രൂപ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരന് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും നല്കാതെ വീണ്ടും ഫൈനൽ ബില്ലിൽ ചേർത്ത് പിൻവലിക്കുകയാണ് ചെയ്തത് (ഫൈനൽ ബില്ലിൽ പിൻവലിക്കാവുന്നത് 375636/- രൂപ മാത്രമാണ്). ആയതിനാൽ വികസനഫണ്ടിൽ നിന്ന് നിയമാനുസൃതമല്ലാതെ 54316/- രൂപ പിൻ വലിച്ചിട്ടുണ്ട്.

<u>**സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.**</u>

21-01-2017 ലെ സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. 11-7-2017ൽ കരാർവച്ച് സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ 10-10-2017നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ അളവുപുസ്തകപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 29/06/2018 തീയതിയിലാണ്. കരാർ പ്രകാരം സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതായിരുന്നു.

| | | |
|---|---|---|
| സൈറ്റ് ഏറ്റെടുത്ത തീയതി | 11-07-2017 | |
| നിയമാനുസൃതം പൂർത്തീകരിക്കേണ്ട തീയതി | 10-10-2017 | |
| പൂർത്തീകരിച്ച തീയതി | 29/06/2018 | |
| 20% ഗ്രേസ് പിരീഡ് (പിഴ ഇല്ലാതെ) | 15-11-2017 | |
| 1% പിഴയോടെ | 16-11-2017 മുതൽ15-02-2018 വരെ | 9187 |

| | | |
|---|---|---|
| 2% പിഴയോടെ | 16-02-2018 മുതൽ 15-5-2018 വരെ | 18374 |
| 2% പിഴയോടെ | 16-05-2018 മുതൽ 29-6-2018 വരെ | 18374 |
| ആകെ | | 45935/- |

കരാർ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിനും വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചതിനുമുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/01.01.2020) അധികമായി പിൻവലിച്ച തുക തിരികെ അടയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് നൽകിയ വിശദീകരണം സാധൂകരിക്കുന്നതിന് ആവശ്യമായ സപ്ലിമെന്ററി എഗ്രിമെന്റ് ഉൾപ്പെടെയുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റിടെൻഷൻ ഇനത്തിൽ അധികം നല്കിയ 54316/-രൂപ തിരിച്ചടയ്ക്കേണ്ടതും (വാർഷികകണക്ക് പ്രകാരം ബാക്കി നില്കുന്ന തുക കൂടി പരിശോധിച്ച് സമാനരീതിയിലുള്ള അപാകതയാണെങ്കിൽ ആയതും സർക്കാരിലേക്ക് അടവാക്കണം) നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ കരാറുകാരൻ പ്രവൃത്തി നിർവ്വഹണം നടത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. വികസനഫണ്ടിൽ നിയമാനുസൃതമല്ലാതെ നടത്തിയ 54316/- രൂപയുടെ ചെലവ് തുക സർക്കാരിലേക്ക് തിരികെ അടവാക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു.

## 1-29 ചകിരിക്കമ്പിനി-ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ചകിരിക്കമ്പിനി-ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം,147/2019 |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | സാരംഗ് മാത്യു |
| കരാർ നമ്പർ | 46/AE/LSGD/KRCY/2018-19 തീ 08-08-2018 |
| ചെലവ് | 196358/-(ബിൽ നം.78/18-19 തീയതി 30/03/2019 ക്യൂ ബിൽ) |
| കരാറുകാരന് നല്കിയത് | 192428/- |

1) പ്രോജക്ടിനായി ആദ്യം തയ്യാറാക്കിയതും സാങ്കേതിക അനുമതി ലഭിച്ചതുമായ എസ്റ്റിമേറ്റിൽ 61 മീറ്റർ നീളത്തിലും 1.1 മീറ്റർ പൊക്കത്തിലും 0.55 മീ വീതിയിലും സിമന്റ് ചാന്ത് ഇല്ലാതെയുള്ള കല്ല് കെട്ട് ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നിർവ്വഹണ സമയത്ത് ആയത് 54.95 മീറ്റർ നീളത്തിലും 1 മീറ്റർ പൊക്കത്തിലും 0.5 മീ വീതിയിലും സിമന്റ് ഉപയോഗിച്ചുള്ള കല്ല് കെട്ട് ആക്കി ചെയ്യുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. നീളത്തിലും വീതിയിലും പൊക്കത്തിലും കുറവ് ഉണ്ടായപ്പോൾ പ്രവൃത്തിയിൽ ഉണ്ടാകേണ്ട ചെലവ് കുറവ് (സേവിംഗ്സ്) സിമന്റ് ഉപയോഗിച്ചുള്ള കല്ല് കെട്ട് ആക്കി മാറ്റിയതു മൂലം പഞ്ചായത്തിന് ലഭ്യമായില്ല (സാധാരണയായി സംരക്ഷണഭിത്തികൾക്ക് സിമന്റില്ലാതെയുള്ള കല്ല് കെട്ട് ആണ് ചെയ്യുന്നത്. എന്നാൽ ചെലവ് കൂടിയ പ്രവൃത്തി ഉൾപ്പെടുത്തിയപ്പോൾ ആയതിനുള്ള കാരണം എഞ്ചിനീയറിംഗ് വിഭാഗം വിശദീകരിച്ചിട്ടുമില്ല) വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എക്സ്ട്രാ ഇനം 1 ആയി ചെയ്ത സിമന്റിട്ട കല്ല് കെട്ട് 28.524 ഘന മീറ്ററിന് 5715.58രൂപ/ ഘ മീ നിരക്കിൽ ചെലവ് | 163031.20 |
| സിമന്റില്ലാതെ കല്ല് കെട്ട് 28.524 ഘന മീറ്ററിന് 2766.10രൂപ/ ഘ മീ നിരക്കിൽ ചെലവ് | 78900.23 |
| അധികച്ചെലവ് | 84130.97 |

2) പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് 54.95 മീറ്റർ നീളം 50 സെ.മീ വീതി 1 മീറ്റർ ഉയരത്തിൽ മണ്ണ് എടുത്തുമാറ്റലാണ്. എക്സ്ട്രാ ഇനം 1 ആയി ഇതേ അളവിൽ സിമന്റ് ഉപയോഗിച്ച് കല്ല് കെട്ടും നടന്നിട്ടുണ്ട്. കെട്ടിനുള്ളിൽ നാമമാത്ര അളവിൽ മാത്രമേ മണ്ണ് നിറയ്ക്കാൻ കഴിയൂ എന്നിരിക്കെ ഇനം 4 ആയി 26.026 ക്യൂ മീ മണ്ണ് 181.23/ക്യൂ മീ നിരക്കിൽ 4716.69 രൂപ ചെലവിലും ഇനം 5 ആയി 21.279 ക്യൂ മീ മണ്ണ് 448.57/ക്യൂ മീ നിരക്കിൽ 9545.12രൂപ ചെലവിലും നിറച്ചിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഇവ യഥാക്രമം 50 സെ.മീ വീതിയിലും 80 സെന്റീമീറ്റർ വീതിയിലും ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്). ഫില്ലിംഗ് ഏരിയ ഇല്ലാത്തതിനാൽ മണ്ണ് നിറയ്ക്കൽ വേലകൾക്ക് തുക നല്കിയത് അംഗീകരിക്കാൻ കഴിയില്ല. മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, പൊതുവഴിയായി ഉപയോഗിക്കുന്നതിനാലും ബലത്തിനായുമാണ് സിമന്റ് ഉപയോഗിച്ച് കല്ല് കെട്ടാക്കി മാറ്റിയതെന്ന് മറുപടി നല്കി. എന്നാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടാണ് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തുന്നത്. ഇതിന് സാങ്കേതിക അനുമതിയും ലഭിച്ചിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ മണ്ണ് നിറച്ചതുമായി ബന്ധപ്പെട്ട അപാകതയ്ക്ക് നല്കിയ മറുപടി അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നതല്ല. ആയതിനാൽ ഈ ഇനത്തിൽ കരാറുകാരന് നല്കിയ 9545/-രൂപ (കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് നിരക്കിൽ) തിരികെ ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് അടക്കേണ്ടതും മറ്റ് അപാകതകളിന്മേൽ കൂടുതൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ലൈഫ് ഭവന പദ്ധതി അവലോകനം

സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം),പ്രോജക്ട് നം.S0087/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് | 3918200 | 3918200 |
| ബ്ലോക്ക് വിഹിതം | 1857624 | 1857624 |
| ജില്ലാപഞ്ചായത്ത് വിഹിതം | 1753712 | 1744176 |
| വായ്പ | 26070464 | 6640000 |
| ആകെ | 33600000 | 14160000 |

ഹഡ്കോ വായ്പയിനത്തിൽ 2.6 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും 66,40,000/- രൂപ മാത്രമാണ് ലഭ്യമായത്. ടി തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്.

ജനറൽ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 51 ഗുണഭോക്താക്കളിൽ 47പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള 4 ഗുണഭോക്താക്കൾ ഭവനം നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുകയായ 4,00,000/- രൂപ കൈപ്പറ്റിയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ സുജപ്രകാശ്, തോപ്പിൽ, ഇത്തിത്താനം എന്ന ഗുണഭോക്താവ് ആദ്യ ഗഡു 40,000/- രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്.

2) ലൈഫ് ഭവനനിർമ്മാണം പദ്ധതി (എസ്.സി.പി),പ്രോജക്ട് നം.SO0251/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 4000000 | 2440000 |
| ബ്ലോക്ക് വിഹിതം | --- | --- |
| ജില്ലാപഞ്ചായത്ത് വിഹിതം | --- | --- |
| വായ്പ | --- | --- |
| ആകെ | 4000000 | 2440000 |

എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 7 ഗുണഭോക്താക്കളിൽ 4 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ -കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടില്ല

പ്രോജക്ട് നം.SO262/19
നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി

അടങ്കൽ , തനത് ഫണ്ട് -300,000

ചെലവഴിച്ച തുക - 2,29,188/-രൂപ

ഗ്രാമപഞ്ചായത്താഫീസിലേയ്ക്ക് കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക

ക്വോട്ട് ചെയ്ത കടവിൽ ഇൻഫോടെക്ക്, സിറിൾസ് ടവർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ തുക ക്വോട്ട് ചെയ്ത ആവലോൺ സിസ്റ്റംസ്& സർവീസസിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത തുക താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക | ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ |
|---|---|---|
| ആവലോൺ സിസ്റ്റംസ്, സ്റ്റാർ ജംഗ്ഷൻ , എം.സി.റോഡ്, കോട്ടയം | Acer vertion Desktop PC -38980/- BROTHER HL-2361DN Laser printer with duplex-9922 | ഡെസ്ക് ടോപ്പ് -5x32118.64=160593.20 പ്രിന്റർ -4x8408.47=33633.88 ആകെ =194227.08 SGST 9% -17480.44 CGST 9% -17480.44 |
| കടവിൽ ഇൻഫോടെക്ക്, സിറിൾസ് ടവർ ,കോട്ടയം | Desktop Acer 3yr warranty -29900 +2yr additional OEM warranty-2900 TOTAL -32800 LASER PRINTER -10,000 | ആകെ =229188വൗച്ചർ നം.21800902/12.3.2019 ചെക്ക് നം.0723505/12.3.19 |

കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങാതെ കൂടിയ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.17 നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. കടവിൽ ഇൻഫോടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ 204000(32800x5+10000x4)രൂപ മാത്രമേ ചെലവാകുമായിരുന്ന സ്ഥാനത്ത് ഇതേ കമ്പനിയുടെ സാധനം തന്നെ 2,29,188/- രൂപയ്ക്ക് വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തിന് 25188/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അധികചെലവിന് ശ്രീ.ബിന്ദുമോൻ വി.ആർ, സെക്രട്ടറി-ഇൻ-ചാർജ് ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-2 സബ്സിഡി പരിധി അധികരിച്ച് സ്കോളർഷിപ്പ് വിതരണത്തിന് തുക ചെലവഴിച്ചു

പ്രോജക്ട് നം.197/19,
പ്രോജക്ടിന്റെ പേര് -പ്രൊഫഷണൽ കോഴ്സ് -എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ വികസനഫണ്ട് (എസ്.സി.പി) -250,000

ചെലവ് -175000,
നിർവ്വഹണോദ്യാഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 1,75,000/- രൂപ സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ തീ.14.2.2018 ഉത്തരവ് ഖണ്ഡിക 7.2.5

പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

1) മെഡിക്കൽ കോഴ്സ് -30,000 രൂപ

2)എഞ്ചിനീയറിംഗ് കേഴ്സ് -25000/-രൂപ

3)ബിരുദം -20,000/-രൂപ

എന്നാൽ ഗ്രാമപഞ്ചായത്തിൽ ബിരുദകോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 25000/-രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഇപ്രകാരം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അർഹമായ സ്കോളർഷിപ്പ് തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| ജ്യോതിമോൾ പി.ആർ<br>പള്ളിക്കുന്നേൽ,ഇത്തിത്താനം, കുറിച്ചി | ബി.എ.പൊളിറ്റിക്കൽ സയൻസ് | 20,000 | 25000<br>ബിൽനം.34/18-19 തീ 27.2.18 | 5000 |
| പ്രദീഷ് എ.പി.<br>അത്തിക്കളം<br>ഇത്തിത്താനം | ബി.എസ്.സ്സി.ഫിസിക്സ് | 20,000 | 25000<br>ബിൽനം നം.38/18-19 തീ 23.3.19 | 5000 |
| ഗീതുമോൾ ബാബു ,<br>തോട്ടുചിറയിൽ ,ഇത്തിത്താനം | ബി.എസ്.സി.ബോട്ടണി | 20,000 | 25000<br>Qbill | 5000 |
| | | | ആകെ | 15000 |

സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികമായി സ്കോളർഷിപ്പ് വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. മേൽ വിവരിച്ച പ്രകാരം സബ്സിഡി പരിധി അധികരിച്ച് അധികം നൽകിയ 15000/- രൂപയുടെ അധികചെലവിന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ബിന്ദുമോൻ വി.ആർ. ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-3 ചകിരിക്കമ്പിനി-ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ചകിരിക്കമ്പിനി-ചെങ്ങാട്ട് നടപ്പാത പാർശ്വഭിത്തി നിർമ്മാണം, 147/2019 |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | സാരംഗ് മാത്യു |
| കരാർ നമ്പർ | 46/AE/LSGD/KRCY/2018-19 തീ 08-08-2018 |
| ചെലവ് | 196358/-(ബിൽ നം.78/18-19 തീയതി 30/03/2019 ക്യൂ ബിൽ) |
| കരാറുകാരന് നല്കിയത് | 192428/- |

1) പ്രോജക്ടിനായി ആദ്യം തയ്യാറാക്കിയതും സാങ്കേതിക അനുമതി ലഭിച്ചതുമായ എസ്റ്റിമേറ്റിൽ 61 മീറ്റർ നീളത്തിലും 1.1 മീറ്റർ പൊക്കത്തിലും 0.55 മീ വീതിയിലും സിമന്റ് ചാന്ത് ഇല്ലാതെയുള്ള കല്ല് കെട്ട് ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നിർവ്വഹണ സമയത്ത് ആയത് 54.95 മീറ്റർ നീളത്തിലും 1 മീറ്റർ പൊക്കത്തിലും 0.5 മീ വീതിയിലും സിമന്റ് ഉപയോഗിച്ചുള്ള കല്ല് കെട്ട് ആക്കി ചെയ്യുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. നീളത്തിലും വീതിയിലും പൊക്കത്തിലും കുറവ് ഉണ്ടായപ്പോൾ പ്രവൃത്തിയിൽ ഉണ്ടാകേണ്ട ചെലവ് കുറവ് (സേവിംഗ്സ്) സിമന്റ് ഉപയോഗിച്ചുള്ള കല്ല് കെട്ട് ആക്കി മാറ്റിയതു മൂലം പഞ്ചായത്തിന് ലഭ്യമായില്ല (സാധാരണയായി സംരക്ഷണഭിത്തികൾക്ക് സിമന്റില്ലാതെയുള്ള കല്ല് കെട്ട് ആണ് ചെയ്യുന്നത്. എന്നാൽ ചെലവ് കൂടിയ പ്രവൃത്തി ഉൾപ്പെടുത്തിയപ്പോൾ ആയതിനുള്ള കാരണം എഞ്ചിനീയറിംഗ് വിഭാഗം വിശദീകരിച്ചിട്ടുമില്ല) വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എക്സ്ട്രാ ഇനം 1 ആയി ചെയ്ത സിമന്റിട്ട കല്ല് കെട്ട് 28.524 ഘന മീറ്ററിന് 5715.58രൂപ/ ഘ മീ നിരക്കിൽ ചെലവ് | 163031.20 |
| സിമന്റില്ലാതെ കല്ല് കെട്ട് 28.524 ഘന മീറ്ററിന് 2766.10രൂപ/ ഘ മീ നിരക്കിൽ ചെലവ് | 78900.23 |
| അധികച്ചെലവ് | 84130.97 |

2) പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് 54.95 മീറ്റർ നീളം 50 സെ.മീ വീതി 1 മീറ്റർ ഉയരത്തിൽ മണ്ണ് എടുത്തുമാറ്റലാണ്. എക്സ്ട്രാ ഇനം 1 ആയി ഇതേ അളവിൽ സിമന്റ് ഉപയോഗിച്ച് കല്ല് കെട്ടും നടന്നിട്ടുണ്ട്. കെട്ടിനുള്ളിൽ നാമമാത്ര അളവിൽ മാത്രമേ മണ്ണ് നിറയ്ക്കാൻ കഴിയൂ എന്നിരിക്കെ ഇനം 4 ആയി 26.026 ക്യൂ മീ മണ്ണ് 181.23/ക്യൂ മീ നിരക്കിൽ 4716.69 രൂപ ചെലവിലും ഇനം 5 ആയി 21.279 ക്യൂ മീ മണ്ണ് 448.57/ക്യൂ മീ നിരക്കിൽ 9545.12രൂപ ചെലവിലും നിറച്ചിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഇവ യഥാക്രമം 50 സെ.മീ വീതിയിലും 80 സെന്റീമീറ്റർ വീതിയിലും ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്). ഫില്ലിംഗ് ഏരിയ ഇല്ലാത്തതിനാൽ മണ്ണ് നിറയ്ക്കൽ വേലകൾക്ക് തുക നല്കിയത് അംഗീകരിക്കാൻ കഴിയില്ല. മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, പൊതുവഴിയായി ഉപയോഗിക്കുന്നതിനാലും ബലത്തിനായുമാണ് സിമന്റ് ഉപയോഗിച്ച് കല്ല് കെട്ടാക്കി മാറ്റിയതെന്ന് മറുപടി നല്കി. എന്നാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടാണ് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തുന്നത്. ഇതിന് സാങ്കേതിക അനുമതിയും ലഭിച്ചിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ മണ്ണ് നിറച്ചതുമായി ബന്ധപ്പെട്ട അപാകതയ്ക്ക് നല്കിയ മറുപടി അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നതല്ല. ആയതിനാൽ പ്രസ്തുത അധിക

ചെലവിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ ഡി.റ്റി. ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29/5/2019-30-05-2019 | കെ.എസ്.എ/കെ.റ്റി.എം പി 12/765/19 തീ3/6/2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയംജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 200000 |
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 00 | 300000 |
| ആകെ | | 1300000 | | 800000 | 500000 |

സംയുക്ത പ്രോജക്ടുകൾക്ക് 2018-19 ൽ ലഭിച്ചതും 31-03-2019 ൽ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 34920/-55947/ 15-1-19<br>11044<br>55996/22/2/2019<br>4382/- | 50346 | 50346 | ഇല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ജില്ലാ നിർമ്മിതി കേന്ദ്രം അക്രഡിറ്റഡ് ഏജൻസിയായി ഏറ്റെടുത്തിട്ടുള്ള ഓഫീസ് നവീകരണം എന്ന പ്രവൃത്തിക്ക് 500000/- രൂപ മുൻകൂർ നല്കിയിട്ടുണ്ട്.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6640000/- രൂപ വരവുണ്ട്. 6640000/-രൂപ വിനിയോഗിച്ചിട്ടുമുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 6640000 | --- | -- | -- | 6640000 |

### 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4376653 |
| തൻവർഷം നിക്ഷേപിച്ച തുക | 385054 |
| ആകെ | 4761707 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4761707 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കുറിച്ചി എസ്.സി.ബി. (എഫ്.ഡി.1) | 60411 |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 2) | 751115 |

| | |
|---|---|
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 3) | 360350 |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 4) | 1257594 |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 5) | 773280 |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 6) | 1558957 |
| ആകെ | 4761707 |

കുറിപ്പ് : 2018-19 വർഷം ആർജ്ജിച്ച പലിശ ക്രഡിറ്റ് ചെയ്തത് വാർഷികകണക്കിന്റെ ഭാഗമായിട്ടില്ല. തന്മൂലം 31.03.2019ലെ സ്ഥിരനിക്ഷേപമൂല്യം സാംഖ്യയിൽ ചേർത്തിരുന്നത് തെറ്റാണ്. B12 ഷെഡ്യൂൾപ്രകാരം സ്ഥിരനിക്ഷേപമൂല്യം ചേർത്തിരിക്കുന്നത് 4427773/-രൂപയാണ്. യഥാർത്ഥ മൂല്യം 4761707/-രൂപയാണ്. 333934/-രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം - തുക വകമാറ്റി ചെലവഴിച്ചു -1.2 ലക്ഷം പാഴായി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |
| 2016-17 | 1-5-4 | 2017-15 | 3-1 | സ്ട്രീറ്റ് മെയിൻ വൈദ്യുതമീറ്റർ സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125570673.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79100748.00 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | : | 40188 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 585393/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25,188/- | ബിന്ദുമോൻ വി.ആർ,അസിസ്റ്റന്റ് സെക്രട്ടറി സെക്രട്ടറി I/C |
| 3-2 | | 15,000/- | ബിന്ദുമോൻ വി.ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 9,545/- | ദീപ.ഡി.റ്റി അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 40188/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14-1 | 11078 | ബിന്ദുമോൻ വി.ആർ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) |

| | | |
|---|---|---|
| 1-16 | 50000 | ബിന്ദുമോൻ വി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 145000 | ശ്രീ.ഗിരീഷ് വി., വി.ഇ.ഒ |
| 1-22 | 125000 | ഡോ.നീത ആലീസ് പോൾ,<br>മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| 1-23 | 199999 | ഡോ.ശ്രീജിത്, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-28 | 54316 | ശ്രീമതി ദീപ ഡി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 585393 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ.ഡി.റ്റി<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കുറിച്ചി ഗ്രാമപഞ്ചായത്ത് | കൊടൻവിള വീട്,<br>പുത്തൻകോട് മനന്നൂർ |
| ബിന്ദുമോൻ വി.ആർ.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>അയ്മനം ഗ്രാമപഞ്ചായത്ത് | വേണാട്ടുശ്ശേരിൽ<br>കാരാപ്പുഴ പി.ഒ.<br>കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997 to 30.4.1998<br>ജനകായാസൂത്രണം | എൽ.എഫ്.കെ.പി.8-484/00/8.12.2000 | |

| | | |
|---|---|---|
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി.11/331/14(1)/7.6.14 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.11/330/14/31.05.14 | 1 |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.12/അദാലത്ത് /2018/191/18/ 21.2.18 | 17 |
| 1999-2000(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.08 | 05 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി.11/331/14(5)/6.6.14 | 18 |
| 2000-01 | എൽ.എഫ്.കെ.പി.11/331/14(3)/4.6.14 | 02 |
| 2001-02 | എൽ.എഫ്.കെ.പി.11/331/14(4)/4.06.14 | 04 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.11/242/14/8.04.14 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.11/190/11അദാ.1-14 /22.02.11 | 03 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 07 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 01 |
| 2004-05ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 03 |
| 2005-06 | എൽ.എഫ്.കെ.പി..11-242/14/8.04.14 | 08 |
| 2006-07 | എൽ.എഫ്.കെ.പി.11-242/14/15.03.14 | 24 |
| 2007-08 | എൽ.എഫ്.കെ.പി.11-57/14/15.12.15 | 14 |
| 2008-09 | എൽ.എഫ്.കെ.പി.11-242/15/14.03.14 | 18 |
| 2009-10, 2010-11 | എൽ.എഫ്.കെ.പി.11-1032/13/03.01.14 | 18 |
| 2011-12 | എൽ.എഫ്.കെ.പി.11-1786/13 .01.14 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-440/15/10.06.15 | 23 |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.കെ.പി.11-1254/16/22.08.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1485 /17/22.12.17 | 22 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/9 /17/21.03.18 | 31 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1994/2017 dt.09.03.18 | 32 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12-76/2019 തീ15/2/19 | 28 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1 ഓഡിറ്റ്സർട്ടിഫിക്കറ്റ്

**കെ.എസ്.എ-കെ.ടി.എം.പി.12/29/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 29.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2018-19**വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**